# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കായക്കൊടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P2/1009/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 25/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കായക്കൊടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P2/1009/2022 തീയ്യതി: 25/06/2022

## കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-06-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ് ) | 14-06-2022 | 18-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-06-2022 | 18-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.എം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. സതീഷ് കുമാർ. സി.പി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ ആർ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അശ്വതി കെ.ടി | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീ. മനോജ് കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീധരൻ പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 22-02-2021 |
| ശ്രീ. ശ്രീജിത്ത് പി.എം | അസിസ്റ്റന്റ് സെക്രട്ടറി | 23-02-2021 | 15-03-2021 |
| ശ്രീമതി. സിനികുമാരി പി | അസിസ്റ്റന്റ് സെക്രട്ടറി | 16-03-2021 | 31-03-2021 |
| ശ്രീമതി. ഡോ.സജിത സി.പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി. ഡോ. ഭവ്യ കെ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി. ഡോ.ഷാഹിത ടി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീ. ഡോ.ലിപിൻ എൽ.എസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. കരുണൻ ടി.എം | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ക്ലാര വി.ജെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.വിജയൻ കെ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ശ്രീനി വലിയതയ്യിൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശിൽപ്പ വർക്കി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. നിഷ ഐ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 24-06-2020 |
| ശ്രീമതി. ജൂമി കെ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2020 | 18-10-2020 |
| ശ്രീ. ബ്ലെസ്സി പോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 19-10-2020 | 31-03-2021 |
| ശ്രീ.മഹേഷ് കെ.കെ | ഡി.എഫ്.ഐ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Disha R.K (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Disha R.K (Asst. Audit Officer, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Disha R.K (Asst. Audit Officer, On 16-06-2022)<br>Last Updated By: Pyarilal.T.C (Joint Director, On 23-06-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 17-06-2022)<br>Last Updated By: Pyarilal.T.C (Joint Director, On 23-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: SathishKumar C P (Asst. Audit Officer, On 19-06-2022)<br>Last Updated By: Pyarilal.T.C (Joint Director, On 23-06-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: RENSY. E (Auditor, On 15-06-2022)<br>Last Updated By: Pyarilal.T.C (Joint Director, On 23-06-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: RENSY. E (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Sreeja Thekkan (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-9 |
| 12 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ.<br>Written By: M.Karunakaran (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-10 |
| 13 | ചെക്ക് പണമായി മാറുന്നതിൽ കാലതാമസം<br>Written By: RENSY. E (Auditor, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-11 |
| 14 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല<br>Written By: RENSY. E (Auditor, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-12 |
| 15 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: RENSY. E (Auditor, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-13 |
| 16 | കെട്ടിടത്തിന്റെ തരം രേഖപ്പെടുത്തിയതിൽ അവ്യക്തത<br>Written By: RENSY. E (Auditor, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-14 |
| 17 | അങ്കണവാടി ക്രാഡിൽ പദ്ധതി പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ- | 1-15 |

| | | |
|---|---|---|
| | Written By: M.Karunakaran (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | |
| 18 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡിയിനത്തിൽ അധിക തുക നൽകി<br>Written By: Sreeja Thekkan (Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-16 |
| 19 | ആർദ്രം-ഡോക്ടർ, നേഴ്സ്, ഹൊണറേറിയം- താത്കാലിക ഡോക്ടർക്ക് വേതനം നൽകിയതിൽ അപാകത.<br>Written By: M.Karunakaran (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-17 |
| 20 | കറവപശുവിന് കാലിത്തീറ്റ വിതരണം - രേഖകൾ ലഭ്യമല്ല.<br>Written By: Sreeja Thekkan (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-18 |
| 21 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയെങ്കിലും പ്രവൃത്തി ആരംഭിച്ചില്ല<br>Written By: Sreeja Thekkan (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-19 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- ലാപ്ടോപ്പിന് പകരം ഡസ്ക് ടോപ്പ് നൽകിയതും മറ്റ് അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-20 |
| 23 | 5 വർഷ ഗ്യാരന്റിയോടെയുള്ള റോഡ് പ്രവൃത്തി ഏറ്റെടുത്തില്ല<br>Written By: SathishKumar C P (Asst. Audit Officer, On 19-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-21 |
| 24 | ലൈഫ് ഭവനപദ്ധതി പ്രകാരം എഗ്രിമെന്റിലേർപ്പെട്ട ഗുണഭോക്താവിന് നാളിതുവരെ ആനുകൂല്യം അനുവദിച്ചില്ല.<br>Written By: M.Karunakaran (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-22 |
| 25 | ശുചിത്വം, മാലിന്യ സംസ്കരണ മേഖലയിൽ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല.  വൻതുക ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.<br>Written By: M.Karunakaran (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-23 |
| 26 | ക്ഷീരകർഷകർക്ക് പാൽ സബ്ഡിഡി-പദ്ധതിയിൽ വകയിരുത്തിയ തുക ലഭ്യമാക്കാൻ നടപടി സ്വീകരിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-24 |
| 27 | കേരകൃഷി വികസനം - പ്രോജക്ട് നിർവ്വഹണം -അപാകതകൾ<br>Written By: Sreeja Thekkan (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-25 |
| 28 | പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് - ചെലവ് രേഖകൾ ലഭ്യമല്ല.<br>Written By: Sreeja Thekkan (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-26 |
| 29 | നെൽ കൃഷി വികസനത്തിന് ജൈവവളം വിതരണം - യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം തുക നൽകി.<br>Written By: Sreeja Thekkan (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-27 |
| 30 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 19-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-28 |

| | | |
|---|---|---|
| 31 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി. -ആവശ്യമായ രേഖകൾലഭ്യമാക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തു.<br>Written By: M.Karunakaran (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-29 |
| 32 | പെയിൻ& പാലിയേറ്റീവ് പരിചരണ പ്രൊജക്ട് പ്രകാരം മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയ മുഴുവൻ തുകക്കും ഉപകരണങ്ങൾ ലഭ്യമായില്ല.<br>Written By: M.Karunakaran (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-30 |
| 33 | എസ്.എസ്.എ.വിഹിതം-അടവാക്കൽ- പ്രൊജക്ട് പ്രകാരം പരിമിതമായ തുക മാത്രം അടവാക്കുന്നതും അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ലാത്തതും സംബന്ധിച്ച്<br>Written By: M.Karunakaran (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-31 |
| 34 | ഭക്ഷണ വിതരണംപോലും കൃത്യമായി നടക്കാതെ അഗതിരഹിത കേരളം പ്രൊജക്ട്<br>Written By: M.Karunakaran (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-32 |
| 35 | ലൈഫ് ഭവനപദ്ധതി, വിവിധ ഭവന പുനരുദ്ധാരണ പദ്ധതികൾ എന്നിവ പ്രകാരം അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: M.Karunakaran (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-33 |
| 36 | സ്ട്രീറ്റ് വാട്ടർടാപ്പ് ചാർജ് അടവാക്കിയതിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-34 |
| 37 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കിയതിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-35 |
| 38 | ടെണ്ടർ തുറന്ന് സമയപരിധിക്കകം പഞ്ചായത്ത് തീരുമെടുക്കുന്നില്ല<br>Written By: SathishKumar C P (Asst. Audit Officer, On 19-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-36 |
| 39 | സ്പെസിഫിക്കേഷനിൽ കുറവു വരുത്തി പ്രവർത്തി : തുക മുഴുവനായും അനുവദിച്ചു<br>Written By: SathishKumar C P (Asst. Audit Officer, On 19-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-37 |
| 40 | കാലാവധി കഴിഞ്ഞും പണി തുടങ്ങിയില്ല :തുടർ നടപടി സ്വീകരിച്ചില്ല<br>Written By: SathishKumar C P (Asst. Audit Officer, On 19-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-38 |
| 41 | പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: SathishKumar C P (Asst. Audit Officer, On 19-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-39 |
| 42 | വിവിധ ക്ഷേമപെൻഷനുകൾ തീർപ്പാക്കുന്നതിൽ കാലതാമസം<br>Written By: Disha R.K (Asst. Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 1-40 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | നെൽ കൃഷി വികസനത്തിന് ജൈവവളം വിതരണം - യൂണിറ്റ് | 3-1 |

| | | |
|---|---|---|
| | കോസ്റ്റിനേക്കാൾ അധികം തുക നൽകി.<br>Written By: Sreeja Thekkan (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | |
| 2 | ആർദ്രം-ഡോക്ടർ, നേഴ്സ്, ഹോണറേറിയം- താത്കാലിക ഡോക്ടർക്ക് വേതനം നൽകിയതിൽ അപാകത.<br>Written By: M.Karunakaran (Audit Officer, On 19-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 3-2 |
| 3 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 19-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: RENSY. E (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: RENSY. E (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: RENSY. E (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: RENSY. E (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്.<br>Written By: RENSY. E (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: RENSY. E (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: RENSY. E (Auditor, On 15-06-2022)<br>Last Updated By: RENSY. E (Auditor, On 15-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: RENSY. E (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: RENSY. E (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: RENSY. E (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: RENSY. E (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 24-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 24.3.20 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 16-2-21 ലെ അജണ്ട 1 തീരുമാനം 1 പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും ആയത് ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

1994ലെ കേരളപഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവുൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം . ആയതിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഒഴികെ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ തയ്യാറാക്കി സമർപ്പിച്ച ബജറ്റ് പ്രപ്പോസൽ ഉൾപ്പെടുന്ന ബജറ്റ് ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഭരണസമിതി അംഗീകരിച്ച നൽകിയ ബജറ്റ് പരിശോധിച്ചതിൽ ആയതിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവക്ക് യഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലെന്ന് കാണുന്നു. ഭരണസമിതി അംഗീകരിച്ച ബജറ്റിൽ മുന്നിരിപ്പ് 455555096 രൂപയും തൻവർഷ വരവ് 97054970 രൂപയും ഉൾപ്പെടെ ആകെ വരവ് 552610066 രൂപയും തൻവർഷത്തെ പ്രതീക്ഷിത ചെലവ് 94019500 രൂപയും നീക്കിയിരിപ്പ് 458590566 രൂപയുമാണ്. തൻവർഷത്തെ പ്രതീക്ഷിത ചെലവിനേക്കാൾ എത്രയോ വലിയ തുകയാണ് നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ്നിയമം 214-ാം വകുപ്പ് ഉപവകുപ്പ് 1 എ(2) പ്രകാരം ബജറ്റിൽ കാണിക്കുന്ന പ്രവർത്തന നീക്കിയിരിപ്പ് നടപ്പുവർഷത്തെ മതിപ്പ വരവിൽ എൻഡോവ്മെന്റുകൾ, ഗ്രാന്റുകൾ, അംശാദായങ്ങളിലും ഋണശീർഷങ്ങളിൽ നിന്നുള്ള വരവുകൾ എന്നിവ ഒഴികെയുള്ളതിന്റെ 5% കുറയാൻ പാടില്ലെന്നാണ് നിഷ്കർഷിക്കുന്നത്. എന്നാൽ ബജറ്റ് പ്രകാരം നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത് പഞ്ചായത്തിന്റെ ഇത്തരം വരുമാനമായി ലഭിക്കുന്ന ആകെ തുകയെക്കാൾ വളരെ കൂടിയ തുകയാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-21 | 26-7-21 |

### 1-2-1 വാർഷികകണക്കിലെ അപാകതകൾ

2020 – 21 വർഷത്തെ വാർഷിക കണക്ക്, എ.സി.ആർ. അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. RP-5 പ്രകാരം ടെണ്ടർ ഫോം ഇനത്തിൽ 185572 രൂപ വരവുണ്ട്. വരവുകളുടെ കൃത്യത ഉറപ്പുവരുത്തുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി.3) എന്നത് Fixex Assets (B-11) ന്റേയും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (B-11(a)) യുടേയും ആകെ തുക ആയിരിക്കണം. എന്നാൽ സ്ഥാപനത്തിന്റെ എ.എഫ്.എസ് പരിശോധിച്ചതിൽ ഇവ തമ്മിൽ 5836101 /രൂപയുടെ വ്യത്യാസം കാണുന്നു. ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി മെയിന്റനൻസ് ഗ്രാന്റ്/തനത് ഫണ്ട് ഉപയോഗിച്ചത് കൊണ്ടാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്

4 . B-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് ഇനത്തിൽ 10650 / രൂപ ബാലൻസുണ്ട് . ഇതിന്റെ ആധികാരികത പരിശോധിക്കാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

5. B4 പ്രകാരം Recoveries Payable -COVID എന്നിയിനത്തിൽ 773428 രൂപ ബാലൻസായി അവശേഷിക്കുന്നു. മേൽ തുക അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

6. B-4 പ്രകാരം വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം 460868- രൂപ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഇവയുടെ പദ്ധതി, വർഷം എന്നിവ തിരിച്ചുള്ള വിവരങ്ങൾ. പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 3 വർഷം പിന്നിട്ട ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല .

9. B 11 ഷെഡ്യൂൾ പ്രകാരം സ്ഥിരം ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ആയത് ഉറപ്പ് വരുത്തുന്നതിനുള്ള ആധികാരികമായ രേഖകൾ ലഭ്യമല്ല.

10. B4 ഷെഡ്യൂൾ പ്രകാരം വിവിധ ഫണ്ടുകളുടെ നിക്കിയിരിപ്പായി 10284696/-രൂപയുണ്ട് . എന്നാൽ (TSC,ICDS,MP FUND,,JOINT VENTURE, കോർപ്പസ് ഫണ്ട് തുടങ്ങിയവ) നീക്കിബാക്കിയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനുള്ള ആധികാരികമായ രേഖകൾ (എ.സി.ആർ ) എഴുതി സൂക്ഷിച്ചിട്ടില്ല.

11. അനുബന്ധപത്രികകൾ (ജെ) പ്രകാരമുള്ള ഡൊപ്പോസിറ്റിന്റെ വിശദാംശങ്ങൾ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

12. B-18 പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 6000 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു

13. ട്രേഡ്സ് രജിസ്റ്റർ അബ്സ്ട്രാക്റ്റ് സെക്രട്ടറി ഒപ്പ് വച്ചിട്ടില്ല.

14. പഞ്ചായത്തിൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 1 9-20 ലെ അക്കൗണ്ട്സ് പ്രകാരം 22516232 രൂപയാണ് ലോണിനത്തിൽ തിരിച്ചടക്കാൻ അവശേഷിച്ചിരുന്നത് . സെക്രട്ടറിയുടെ പ്രോജക്റ്റ് പ്രകാരം 20-21 ൽ 1712196 രൂപ ലൈഫ് മിഷന്റെ ഭാഗമായി തിരിച്ചടച്ചതായി കാണുന്നു. 1712196 രൂപ തിരിച്ചടച്ചതിനുശേഷം 20804036 രൂപ ബാലൻസായി കാണിക്കേണ്ടതിനുപകരം 20-21 ലെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം 21204036 രൂപയാണ്ബാലൻസായി കാണിച്ചിരിക്കുന്നത് . വ്യത്യാസം വിശദീകരിക്കേണ്ടതാണ്. .

15. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 23430665 |
| വരവ് | 61993699 |
| ആകെ | 85424364 |
| ചെലവ് | 66620974 |
| നീക്കിയിരിപ്പ് | 18803390 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയത് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 14188704 | 14188704 | 11025872 | 3162832 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 1606563 | 1606563 | 1578249 | 28314 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 120000- | 120000 | 75000 | 45000- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 8055000 | 8055000 | 8004563 | 50437 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 4389153 | 4389153 | 2075318 | 2313835 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 13785737 | 13785737 | 12096851 | 1688886 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | |
| ഐ.സി.ഡി.എസ് | 529662 | 862720 | 1392382 | 795107 | 597275 |
| ടി.എസ്സ്.സി | 3723814 | 1413814 | 5137628 | 0 | 5137628 |
| കുടുംബശ്രീ | 1250000 | 0 | 1250000 | 0 | 1250000 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | |
| ബി.ഫണ്ട് | | 52489700 | 52489700 | 52489700 | |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1). ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്), ധനകാര്യകമ്മീഷൻ അവാർഡ്, എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 43021323 | 19680904 |
| വികസനഫണ്ട് (എസ്.സി.പി) | 7313078 | 1931882 |
| മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) | 3363847 | 3363847 |
| ധനകാര്യകമ്മീഷൻ അവാർഡ് | 16236975 | 14376975 |

2) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), ധനകാര്യകമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ് ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ്

തുകകളുമായി പൊരുത്തപ്പെടുന്നില്ല.

അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 128 | 106 | 6 | 16 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 128 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 112 പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ പ്രൊജക്ടുകൾക്കായി 162193466 രൂപ വകയിരുത്തിയതിൽ 45282922 രൂപ വിനിയോഗിച്ചിട്ടുണ്ട്. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കാത്തതിനാൽ ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ ലക്ഷക്കണക്കിന് രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവു വന്ന തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 14188704 | 11025872 | 3162832 |
| വികസന ഫണ്ട് -SCP | 1606563 | 1578249 | 28314 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8055000 | 8004563 | 50437 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 4389153 | 2075318 | 2313835 |
| C.F.C. ഗ്രാന്റ് (UnTied) | 7715737 | 6692548 | 1023189 |

| | | | |
|---|---|---|---|
| C.F.C. ഗ്രാന്റ് (Tied) | 6070000 | 5404303 | 665697 |
| ആകെ - | 42025157 | 34780853 | 7244304 |

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 128 | 106 | 6 | 16 |

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 42025157 രൂപയിൽ 34780853 രൂപ വിനിയോഗിക്കാൻ മാത്രമെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്ന 7244304 രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. എല്ലാ ഗ്രാന്റിനങ്ങളിലും ലഭ്യമായ ഫണ്ടുകൾ പൂർണമായി വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വികസനഫണ്ട് ജനറൽ, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഇനങ്ങളിൽ ലഭ്യമായ തുക വിനിയോഗിക്കാതെ പോയതാണ് ഫണ്ട് നഷ്ടത്തിന് പ്രധാന കാരണമായത്. ഈ രണ്ട് ഇനങ്ങളിൽ മാത്രം 5476667 രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. സി.എഫ്.സി. ഗ്രാന്റിനങ്ങളിൽ സാമ്പത്തിക വർഷത്തിൽ വരവ് വന്ന തുകയിൽ ഭൂരിഭാഗവും വിനിയോഗിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

ലഭ്യമാവുന്ന വികസനഫണ്ട് പഞ്ചായത്തിന്റെ അനിവാര്യ വകയിരുത്തലുകൾ കഴിഞ്ഞാൽ മറ്റ് പ്രൊജക്ടുകൾക്ക് തുക വകയിരുത്താൻ കഴിയുന്നില്ലെന്ന് മാത്രമല്ല എസ്.എസ്.കെ, പൂരക പോഷകാഹാരം മുതലായ അനിവാര്യ വകയിരുത്തലിന് ആവശ്യമായ തുക വകയിരുത്താൻ പോലും കഴിയാത്തത് പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. ഈ ഒരു പ്രശ്നം അഭിമുഖീകരിക്കുമ്പോൾ തന്നെ വികസന ഫണ്ട് ജനറൽ, എസ്.സി.പി.ഇനങ്ങളിൽ ലഭ്യമായ തുകയിൽ 3191146 രൂപ വിനിയോഗിക്കാതെ പഞ്ചായത്തിന് നഷ്ടമായത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെ എല്ലാ നിർവണ ഉദ്യോഗസ്ഥരും തങ്ങൾക്ക് നടപ്പിലാക്കാനുള്ള പ്രൊജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 59 പ്രൊജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ 51 പ്രൊജക്ടുകൾക്കും തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നിവരൊഴികെയുള്ള എല്ലാ നിർവഹണ ഉദ്യോഗസ്ഥരും തങ്ങളുടെ മേഖലയിലുള്ള എല്ലാ പ്രൊജക്ടുകൾക്കും തുക ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്.)നമ്പർ 11/2018/ ത.സ്വ.ഭ.വ.തി.29.1.18 ഖണ്ഡിക 6.7 ൽ നിഷ്കർഷിച്ച പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കിയല്ല റോഡ്, റോഡിതര ആസ്തികളുടെ മെയിന്റനൻസുകൾ നടത്തി വരുന്നത്. അതേപോലെ വനിതാവികസന മേഖലയിൽ നടപ്പിലാക്കിയ പ്രൊജക്ടുകളിൽ ഭൂരിഭാഗവും മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 6.3 ൽ നിഷ്കർഷിച്ച പ്രകാരമല്ല തുക വകയിരുത്തി ചെലവഴിച്ചിരിക്കുന്നത്. പഞ്ചായത്ത് തയ്യാറാക്കി വർഷം തോറും പരിഷ്കരിച്ച് വരുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ വിവിധ മേഖലകളുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല.

പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തി വരുന്നുണ്ടെങ്കിലും നിരന്തര വിലയിരുത്തലിന്റെ അഭാവം പ്രകടമാണ്. പദ്ധതി രൂപീകരണ ശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്തം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു.

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 42025157 രൂപയിൽ 34780853 രൂപ വിനിയോഗിക്കാൻ മാത്രമെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്ന 7244304രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമാ യിട്ടുണ്ട്. എല്ലാ ഗ്രാന്റിനങ്ങളിലും ലഭ്യമായ ഫണ്ടുകൾ പൂർണമായി വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വികസനഫണ്ട് ജനറൽ, മെയിന്റെനൻസ് ഗ്രാന്റ് നോൺ റോഡ് ഇനങ്ങളിൽ ലഭ്യമായ തുക വിനിയോഗിക്കാതെ പോയതാണ് ഫണ്ട് നഷ്ടത്തിന് പ്രധാന കാരണമായത്. ഈ രണ്ട് ഇനങ്ങളിൽ മാത്രം 5476667രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. സി.എഫ്.സി. ഗ്രാന്റിനങ്ങളിൽ സാമ്പത്തിക വർഷത്തിൽ വരവുവന്ന തുകയിൽ ഭൂരിഭാഗവും വിനിയോഗിക്കാൻ പഞ്ചായത്തിന് സാധിച്ചി ട്ടുണ്ട്.

ലഭ്യമാവുന്ന വികസനഫണ്ട് പഞ്ചായത്തിന്റെ അനിവാര്യ വകയിരുത്തലുകൾ കഴിഞ്ഞാൽ മറ്റ് പ്രൊജക്ടുകൾക്ക് തുക വകയിരുത്താൻ കഴിയുന്നില്ലെന്ന് മാത്രമല്ല എസ്.എസ്.കെ, പൂരക പോഷകാഹാരം മുതലായ അനിവാര്യ വകയിരുത്തലിന് ആവശ്യമായ തുക വകയിരുത്താൻ പോലുംകഴിയാത്തത് പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. ഈ ഒരു പ്രശ്നം അഭിമുഖീകരിക്കുമ്പോൾ തന്നെ വികസന ഫണ്ട് ജനറൽ, എസ്.സി.പി. ഇനങ്ങളിൽ ലഭ്യമായ തുകയിൽ 3191146 രൂപ വിനിയോഗിക്കാതെ പഞ്ചായത്തിന് നഷ്ടമായത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെ എല്ലാ നിർവണ ഉദ്യോഗസ്ഥരും തങ്ങൾക്ക് നടപ്പിലാക്കാനുള്ള പ്രൊജക്ടുകൾ ഭൂരിഭാഗവുംനടപ്പിലാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 59 പ്രൊജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ 51 പ്രൊജക്ടുക്ടുകൾക്കും തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നിവരൊഴി കെയുള്ള എല്ലാ നിർവഹണ ഉദ്യോഗസ്ഥരും തങ്ങളുടെ മേഖലയിലുള്ള എല്ലാ പ്രൊജക്ടുകൾക്കും തുക ചെലവഴിച്ചിട്ടുണ്ട്. സ.ഉ.എം.എസ്.നമ്പർ 11/2018/ ത.സ്വ.ഭ.വ.തി.29.1.18 ഖണ്ഡിക 6.7 ൽ നിഷ്കർച്ച പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കിയല്ല റോഡ്, റോഡിതര ആസ്തികളുടെ മെയിന്റനൻസുകൾ നടത്തി വരുന്നത്. അതേപൊലെതന്നെ വനിതാവികസന മേഖലയിൽ നടപ്പിലാക്കിയ പ്രൊജക്ടുകളിൽ ഭൂരിഭാഗവും മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 6.3 ൽ നിഷ്കർച്ച പ്രകാരമല്ല തുക വകയിരു ത്തിചെലവഴിച്ചിരിക്കുന്നത്. പഞ്ചായത്ത് തയ്യാറാക്കി വർഷം തോറും പരിഷ്കരിച്ചുവരുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ വിവിധ മേഖലകളുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തികാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തിവരുന്നുണ്ടെങ്കിലും നിരന്തര വിലയിരുത്തലിന്റെ അഭാവം പ്രകടമാണ്. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തികാണുന്നില്ലെന്ന്

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു.

## 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 336226 | 1392151 | 1728377 | 1392115 | 336262 |
| തൊഴിലാളികൾക്ക് നൽകിയത് | - | 65913418 | 65913418 | 65913418 | - |

## 1-7 ക്ഷേമ പദ്ധതികൾ

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 16579600 | 1070 |
| വിധവാപെൻഷൻ | 14905100 | 910 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 16383500 | 1051 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 4561500 | 287 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 0 | 27 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.06.2022 ന് 2.30 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 5945/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

ഓഫീസ് ഓർഡർ നമ്പർ 71/2017(2) തീയ്യതി-3-12-2018 പ്രകാരം ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ കൃത്യമായി വിഭജിച്ച നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. 2020-21 ൽ 6 പ്രാവശ്യം മാത്രമെ സ്റ്റാഫ് മീറ്റിംഗ് വിളിച്ച കൂട്ടിയിട്ടുള്ളു. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. പരാതി രജിസ്റ്ററിൽ പരാതിയിൽ കൈകൊണ്ട തീരുമാനം പലപ്പോഴും രേഖപ്പെടുത്തുന്നില്ല. കാഷ്ബുക്ക്, ഡേ ബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ കാൻസൽഡ് റസീറ്റുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകളിൽ ട്രേഡേഴ്സിന്റെ തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്ററിന്റെ അബ്സ്ട്രാക്റ്റ് എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. കുടിവെള്ളക്കരം, തെരുവുവിളക്ക് എന്നിവയുടെ രജിസ്റ്ററുകൾ സംയുക്ത പരിശോധന നടത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളുടെ കാര്യത്തിൽ ഭൂരിഭാഗം വൗച്ചറുകളും പ്രസിഡന്റ് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ.

ഗ്രാമപഞ്ചായത്തിന്റെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു വരുന്ന നടപടികൾ പരിശോധിച്ചതിൽ 1979-80 മുതൽ 2019-20 വരെ വിവിധ

റിപ്പോർട്ടുകളിലായി 245 ൽ പരം ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നു. വിവിധ സാമ്പത്തിക വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന ഭൂരിഭാഗം പരാമർശങ്ങൾക്കും മറുപടി ലഭ്യമാക്കിയതായി ഹെഡ് ക്ലാർക്ക് അറിയിച്ചു. 2017-18, 2018-19, 2019-20 വർങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകമായി പരിശോധിച്ചതിൽ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് നിശ്ചിത സമയപരിധിക്കകം മറുപടി ലഭ്യമാക്കാത്തതിനാൽ അനന്തര റിപ്പോർട്ട് പുറപ്പെടുവിക്കേണ്ടി വന്നിട്ടുണ്ട്. 2018-19, 2019-20 വർഷ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് നിശ്ചിത പരിധിക്കകം പ്രഥമ മറുപടി ലഭ്യമാക്കിയിട്ടില്ലെങ്കിലും പിന്നീട് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരപരാമർശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രഥമമറുപടിയിൽ എല്ലാ ഖണ്ഡികകൾക്കും മറുപടി ലഭ്യമാക്കാത്തതിനാൽ മേൽ റിപ്പോർട്ടുകളിലെ വളരെ കുറച്ച് തടസ്സ ഖണ്ഡികകൾ മാത്രമെ തീർപ്പായിട്ടുള്ളൂ. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമർപ്പിക്കുന്ന മറുപടികളിൽ ഭൂരിഭാഗവും അപാകത പരിഹരിക്കുന്നതിന് പര്യാപ്തമല്ലാത്തതും, പ്രഥമ മറുപടിക്കുശേഷം റിപ്പോർട്ടുകളിന്മേൽ തുടർനടപടികളില്ലാത്തതുമാണ് ഇത്തരത്തിൽ റിപ്പോർട്ടുകൾ തീർപ്പാക്കാതിരിക്കാൻ കാരണമാവുന്നത്. ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം തീർപ്പാക്കാനവശേഷിക്കുന്ന മുഴുവൻ പരാമർശങ്ങൾക്കും വ്യക്തമായ മറുപടി തയ്യാറാക്കി സമർപ്പിച്ച് തടസ്സങ്ങൾ തീർപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-11 ചെക്ക് പണമായി മാറ്റുന്നതിൽ കാലതാമസം

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ തൊഴിൽനികുതി ഇനത്തിലായി ഹെഡ് മാസ്റ്റർ ദേവർകോവിൽ വെസ്റ്റ് എൽ.പി സ്കൂൾ പഞ്ചായത്തിനു നൽകിയ 12500/-രൂപയുടെ ട്രഷറി ചെക്ക് (നമ്പർ 5549691 തീയതി 28/09/2020) കായക്കൊടി കോ-ഓപ്പറേറ്റീവ് ബാങ്കിൽ 29/9/2020നു പണമായി മാറ്റുന്നതിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെക്ക് പണമായി മാറിയത് ട്രഷറി ബാങ്ക് അക്കൗണ്ടിൽ 27/03/2021 തീയതിയിലാണ്. സെപ്റ്റംബർ മാസം ലഭിച്ച തുക അക്കൗണ്ട് ചെയ്യപ്പെടാൻ 6 മാസമെടുത്തു. ടി അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 18/06/2022 നു 31/2020-21 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിനു വരവു വരുന്ന ചെക്കുകളെല്ലാം യഥാസമയം പണമായി മാറുന്നു എന്നതിൽ തുടർ പരിശോധന ഉണ്ടാകാത്തതാണ് അപാകതക്ക് കാരണമാവുന്നത്. എല്ലാ ചെക്കുകളും കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട് എന്നത് പരിശോധിച്ച് ഉറപ്പാക്കേണ്ടതും ചെക്കുകൾ ക്യാഷാക്കുന്നതിന്റെ വിവരം ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-12 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല

കായക്കൊടി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത മൊബൈൽ ടവറിന്റെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയും ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് (സഞ്ചയ പ്രകാരം) | ഉടമയുടെ മേൽവിലാസം (സഞ്ചയ പ്രകാരം) | ഈടാക്കേണ്ട നികുതി രൂപ | ഈടാക്കാൻ അവശേഷിക്കുന്ന തുക രൂപ |
|---|---|---|---|---|
| 6/311 | ഉണ്ണികൃഷ്ണൻ | മുലായത്ത് റിലയൻസ് ഇൻഫ്രാടെൽ | ആദ്യ അർദ്ധ വാർഷികം- 4121/- (3924 | 2014 വാർഷികം- 5558/- 2015 വാർഷികം- |

| | | | | |
|---|---|---|---|---|
| | | ലിമിറ്റഡ്<br>എ ആൻഡ് പി<br>ആർകെയ്ഡ്<br>എസ്.എ.റോഡ്<br>കടവന്തറ<br>കൊച്ചി. | BT+197 LC)<br><br>രണ്ടാം<br>അർദ്ധ<br>വാർഷികം-<br>4120/- (3924<br>BT+196 LC) | 8241/-<br>2016 വാർഷികം-<br>8241/-<br>2017 വാർഷികം-<br>8241/-<br>2020 രണ്ടാം<br>അർദ്ധ<br>വാർഷികം-<br>4120/- |
| | | | ആകെ | 34401/- |

മുഴവൻ നികുതിയും ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. മൊബൈൽ ടവറിന്റെ ഈടാക്കാൻ അവശേഷിക്കുന്ന വസ്തുനികുതി 34401/- രൂപ ടവറിന്റെ ഉടമയിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-13 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ (G.O(P) No.78/2019 Dt. 02.11.2019) ചട്ടം 75(4), പട്ടിക-II പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 7 രൂപ/ച.മീറ്ററും മറ്റു ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക്-10രൂപ/ ച.മീറ്ററുമാണ് പെർമിറ്റ് ഫീസ്. എന്നാൽ താഴെ പറയുന്ന അപേക്ഷയിൽ പെർമിറ്റ് ഫീസ് കുറവായാണ് ഈടാക്കിയത്.

| പെർമിറ്റിന് / റെഗുലറൈസ് ചെയ്യുന്നതിന് അപേക്ഷിച്ച യാളുടെ പേര്/ മേൽവിലാസം | അപേക്ഷ നമ്പർ/ ഫയൽ നമ്പർ | പെർമിറ്റ് നമ്പർ | വിനിയോഗ തരം/ വിസ്തീർണ്ണം | ഈടാക്കേണ്ട തുക (രൂപ) | ഈടാക്കിയ തുക (രൂപ) | കുറവ് (രൂപ) |
|---|---|---|---|---|---|---|
| ലത്തീഫ്, കുടത്താങ്കണ്ടിയിൽ, കായക്കൊടി-673508<br>സബീർ, | Ref: Application No. B1/1321/2018<br>തീയതി: | B1-BA(70925)/2018<br>തീയതി: 27/03/2018 | കൊമേഴ്ഷ്യൽ/ 617.76 ച.മീറ്റർ | 4324.32/- (7*617.76) | 3088.8/- (5*617.76) | 1236/- |

| | | | | | | | |
|---|---|---|---|---|---|---|---|
| പാറച്ചാലിൽ, കായക്കൊടി-673508 | 09/03/2018 | | | | | | |

ഈടാക്കാൻ അവശേഷിക്കുന്ന പെർമിറ്റ് ഫീസ് 1236/- രൂപ പെർമിറ്റിന് അപേക്ഷിച്ചിട്ടുള്ള വർഷത്തെ, നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-14 കെട്ടിടത്തിന്റെ തരം രേഖപ്പെടുത്തിയതിൽ അവ്യക്തത

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട പരിശോധന നടത്തിയതിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അസസ്മെന്റ് (ഫോറം 6), പരിശോധിച്ചപ്പോൾ 6/241 നമ്പർ കെട്ടിടം പാർപ്പിടാവശ്യത്തിനായാണ് അപേക്ഷിച്ചിരിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം 12 ച.മീ ആണ്. ആയത് പാർപ്പിടാവശ്യത്തിനുള്ളതാവാൻ സാധ്യത കുറവാണ്. ടി കെട്ടിടത്തിനോട് ചേർന്ന മറ്റു കെട്ടിടങ്ങൾ വാണിജ്യ കെട്ടിടങ്ങളാണെന്ന് സഞ്ചയ പരിശോധനയിൽ വ്യക്തമാണ്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച മി) | കെട്ടിടത്തിന്റെ തരം | ഉടമസ്ഥന്റെ പേര്/വിലാസം (സഞ്ചയ പ്രകാരം) |
|---|---|---|---|---|
| 1 | 6/241 | 12 | പാർപ്പിടാവശ്യം | രഹന, കുഞ്ഞിപ്പറമ്പത്ത്, ദേവർകോവിൽ, തളിയിൽ-673508 |
| 2 | 6/239 6/240 6/241 A 6/242 6/243 | 12 | വാണിജ്യ കെട്ടിടം | എ.പി അബ്ദുൾഅസീസ്, മടത്തിൽ |

മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കേണ്ടതും ആയത് വാണിജ്യക്കെട്ടിടമാണെങ്കിൽ ബാധകമായ നികുതി പുനർ നിർണ്ണയം നടത്തി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സഞ്ചയ പരിശോധിച്ചതിൽ നിലവിൽ പഞ്ചായത്തിൽ 12 ച.മീ വരെ വിസ്തൃതിയുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള 83 കെട്ടിടങ്ങൾ ഉള്ളതായി കണ്ടെത്തി. ഈ കെട്ടിടങ്ങളുടെ ഉപയോഗക്രമം

പരിശോധിച്ച് പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-15 അങ്കണവാടി ക്രാഡിൽ പദ്ധതി പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ-

പ്രോജക്ട് നമ്പർ- 6/21

വകയിരുത്തിയ തുക- 500000

ചെലവുതുക- 500000(ബിൽ നമ്പർ 1/20-21 തി 20.4.20)

നിർവഹണം. ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അങ്കണവാടികൾ മാതൃകാ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങളായ അങ്കണവാടി ആധുനികവൽക്കരണം(ക്ലാസ്റൂം, കളിസ്ഥലം), പഠനോപകരണങ്ങൾ തയ്യാറാക്കൽ (റീഡിംഗ് മെറ്റീരിയൽ, ഡ്രോയിംഗ് മെറ്റീരിയൽ), മെച്ചപ്പെട്ട ഭക്ഷണം എന്നിവയാണ് പ്രൊജക്ടിൽ ലക്ഷ്യമിട്ടിരിക്കുന്നത്. പ്രൊജക്ട് പ്രകാരം നൊച്ചാംകണ്ടി, കരണ്ടോട്ട്, എള്ളിക്കാംപാറ എന്നീ അങ്കണവാടികൾ ക്രാഡിൽ അങ്കണവാടികളാക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥ മേൽ ബിൽ പ്രകാരം 500000 രൂപ പിൻവലിച്ച് ആർട് കോ ലിമിറ്റഡ് കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1)ക്രാഡിൽ പദ്ധതി നടപ്പിലാക്കാനുദ്ദേശിച്ച അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിഗണിക്കാതെയാണ് വിവിധ കളി ഉപകരണങ്ങളും മറ്റും അങ്കണവാടികളിൽ ലഭ്യമാക്കിയിരിക്കുന്നത്. ഭൗതിക സാഹചര്യങ്ങളുടെ അഭാവം മൂലം മിക്ക ഉപകരണങ്ങളും കുട്ടികൾക്ക് ഉപകരിക്കും വിധം വിന്യസിക്കാൻ കഴിയാതെ അങ്കണവാടികളിൽ കൂട്ടിയിട്ട നിലയിലാണുള്ളതെന്ന് നൊച്ചാംകണ്ടി , എള്ളിക്കാംപാറ അങ്കണവാടികളിൽ ഓഡിറ്റിനോടനുബന്ധിച്ച് സൂപ്പർവൈസറുടെ സാനിധ്യത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ ബോധ്യമായി. മാത്രമല്ല ഓരോ അങ്കണവാടിക്കും ആവശ്യമായ കളി ഉപകരണങ്ങൾ ഏതെല്ലാമെന്ന് നിർവഹണ ഉദ്യോഗസ്ഥ കാഡ്കോയെ അറിയിച്ചതായി കാണുന്നില്ല. കാഡ്കോ ലഭ്യമാക്കിയ ഉപകരണങ്ങൾക്ക് തുക ചെലവിട്ടതായാണ് കാണുന്നത്.

2)ക്രാഡിൽ അങ്കണവാടിയാക്കുന്നതിന്റെ ഭാഗമായി കാഡ്കോവിൽ സാമ്പത്തിക വർഷം 21 ഇനങ്ങൾക്കായി അഞ്ച് ലക്ഷം രൂപ അടവാക്കിയതിൽ ലഭ്യമായ ഉപകരണങ്ങളും സേവനങ്ങളും ഓഡിറ്റിനോടനുബന്ധിച്ച് നൊച്ചാംകണ്ടി, എള്ളിക്കാംപാറ അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിലും, കരണ്ടോട്ട് അങ്കണവാടിയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലും പല ഉപകരണങ്ങളും ലഭ്യമാക്കിയതായി കാണുന്നില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പണമടവാക്കിയിട്ടും അങ്കണവാടികളിൽ ലഭ്യമാവാത്ത ഉപകരണങ്ങൾ | വില | റിമാർക്സ് |
|---|---|---|
| RIDE ON-Colour Ful Smooth Ride On (3.എണ്ണം) | 5342 | മൂന്ന് അങ്കണവാടികളിലും ലഭ്യമായിട്ടില്ല. |
| EDUCATIONAL LEARNIG KIT (3എണ്ണം) | 25166 | മൂന്ന് അങ്കണവാടികളിലും ലഭ്യമായിട്ടില്ല. |
| TRUST BIN-OUT DOOR/INDOOR | 9856 | മൂന്ന് അങ്കണവാടികളിലും |

| | | |
|---|---|---|
| COMPOSTER KIT | | ലഭ്യമായിട്ടില്ല. |
| ആകെ | 40364 | |

പണമടവാക്കിയ എല്ലാ ഉപകരണങ്ങളും ലഭ്യമായി എന്ന് ഉറപ്പുവരുത്തുന്നതിൽ നിർവഹണ ഉദ്യോഗസ്ഥ വീഴ്ചവരുത്തിയിട്ടുണ്ട്.

3)പണമടവാക്കിയതിൽ ഒരിനമായ OUT DOOR LANDSCAPE AND GRASS PLANTING- NATUARAL GRASS ന് 13440 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയത് സ്ഥാപിച്ച നൊച്ചാംകണ്ടി അങ്കണവാടിയിൽ നേരിട്ട് പരിശോധന നടത്തിയതിൽ Natuaral Grassന് പകരം കൃത്രിമ പുല്ലാണ് ഉപയോഗിച്ചിരിക്കുന്നത്. അതേപോലെതന്നെ ആയതിന്റെ അളവ് 250 എന്ന് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനം എന്തെന്ന് വ്യക്തമല്ല. 250 അടിയാണ് ഉദ്ദേശിച്ചതെങ്കിൽ മുറ്റത്തിന്റെ ഇരുവശത്തും ശരാശരി മൂന്ന് മിറ്റർ വീതം നീളത്തിലും രണ്ട് മീറ്റർ വീതം വീതിയിലുമാണ് പുല്ല് പതിച്ചിരിക്കുന്നത്. ഇത് 250 സ്കയർഫീറ്റ് വരുന്നില്ല.

4)PAINTIG WITH ART WORK ഇനത്തിൽ മൂന് അങ്കണവാടികളിലും ഒരു അങ്കണവാടിക്ക് 26220 രൂപയും ടാക്സും ഉൾപ്പടെ ആകെ 88099 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. മൂന്ന് അങ്കണവാടികളും വ്യത്യസ്ത വലിപ്പത്തിലുള്ള താണെന്നിരിക്കെ എങ്ങനെയാണ് പ്രസ്തുത വർക്കിന് ഒരേ തുക തന്നെ ഈടാക്കിയത് എന്ന് വ്യക്തമല്ല. മാത്രമല്ല പെയിന്റിംഗ് വർക്കിന്റെ അളവ് എവിടെയും രേഖപ്പെടുത്തിയിട്ടുമില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, ലഭ്യമാവാൻ അവശേഷിക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആയത് വരെ ലഭ്യമാകാനവശേഷിക്കുന്ന ഉപകരണങ്ങളുടെ വില 40364 രൂപ തടസ്സത്തിൽ വെക്കുന്നു. ഉപകരണങ്ങൾ ലഭ്യമാകാത്തപക്ഷം ആയത് നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

1-16 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡിയിനത്തിൽ അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രൊജക്ട് | 22/21 കോഴി വളർത്തൽ (വനിത) |
| വകയിരുത്തിയ തുക | 873600(വികസന ഫണ്ട്) |
| ചെലവ് തുക | 28800+133200+711600= 873600 |
| ബിൽ നമ്പർ/തീയ്യതി | 149/15-2-21,103/11-11-20,95 /21-10-20 |

5 മുട്ടക്കോഴികളെ വീതം 1456 വനിതകൾക്ക് 100% സബ്സിഡിയിൽ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . പ്രതിഭ കുടുംബശ്രീ, പുതുക്കോട്ടുകന്ന് എന്ന അംഗീകൃത എഗ്ഗർ നഴ്സറിയിൽ

നിന്ന് 120 രൂപ വിലയുള്ള 7280 കോഴികളെ വാങ്ങി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജി.ഒ(എം.എസ്) 22/2018/ ത.സ്വ.ഭ.വ/ 14.2.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6-2-7 പ്രകാരം മുട്ടക്കോഴികൾ വിതരണം ചെയ്യുന്ന പദ്ധതികൾക്ക് സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി പൊതുവിഭാഗത്തിന് 50% വും പട്ടികജാതി വിഭാഗത്തിന് 75% വും പട്ടികവർഗ്ഗ വിഭാഗത്തിന് 100% വും ആണ്. എന്നാൽ ജനറൽ വിഭാഗത്തിനായി നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതിയിൽ 100 % സബ്സിഡി അനുവദിച്ചുകൊണ്ടാണ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്.

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് പ്രോജക്റ്റിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. അപ്രകാരമുള്ള പഞ്ചായത്ത് തീരുമാനവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 1/2020 -21 17.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവഴിച്ച 436800 തുക തടസ്സത്തിൽ വയ്ക്കുന്നു. ഇതുസംബന്ധിച്ച ഉത്തരവും തീരുമാനവും ലഭ്യമാക്കാത്തപക്ഷം തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതായിരിക്കും.

## 1-17 ആർദ്രം-ഡോക്ടർ, നേഴ്സ്, ഹൊണറേറിയം- താത്കാലിക ഡോക്ടർക്ക് വേതനം നൽകിയതിൽ അപാകത.

പ്രൊജക്ട് നമ്പർ- 7/20-21

വകയിരുത്തിയ തുക- 892740

ചെലവുതുക- 892740 (ബിൽ നമ്പർ 3/20-21 തി 2.6.20, 13/20-21 തി 28.10.20,
9/20-21തി 4.9.20, 27/20-21തി 26.3.21, 24/20-21തി1.3.20)

നിർവഹണം- മെഡിക്കൽ ഓഫീസർ

ആർദ്രം പദ്ധതിയുടെ ഭാഗമായി കായക്കൊടി പി.എച്ച്.സിയിൽ നിയമിതരാവുന്ന ഡോക്ടർ, നേഴ്സ് എന്നിവർക്ക് സർക്കാർ ഉത്തരവുകൾക്ക് വിധേയമായി വേതനം നൽകുന്നതിനാണ് പ്രൊജക്ട്. പ്രൊജക്ട് പ്രകാരം വികസനഫണ്ട്, തനത് ഫണ്ട് ഇനങ്ങളിലായി ആകെ 892740 രൂപ വകയിരുത്തുകയും, അത്രയും തുക തന്നെ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഡോക്ടർക്ക് പ്രതിമാസം 56395 രൂപയും നേഴ്സിന് 18000 രൂപയുമാണ് നൽകിയിരിക്കുന്നത്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ വേതനം നൽകിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1)സ.ഉ.നമ്പർ 81/2019 തി 9/7/19 പ്രകാരം ദിവസവേതന കരാർ ജീവനക്കാരുടെ വേതനം പുനർനിർണയിച്ച് നൽകിയിട്ടുണ്ട്. ആയത് പ്രകാരം മെഡിക്കൽ ഓഫീസറുടെ പ്രതിദിന വേതനം 1920 രൂപയും പ്രതിമാസം പരമാവധി അനുവദിക്കാവുന്ന വേതനം 51840 രൂപയു മാണ്. സ.ഉ.(പി) നമ്പർ 29/21 തി 11.2.21 പ്രകാരം പ്രതിദിന വേതനം 1960 രൂപയും പ്രതിമാസ നിരക്ക് 52920 രൂപയായും ഉയർത്തിയിട്ടുണ്ട്(ആയതിന് 1.2.21 തിയ്യതി മുതൽ പ്രാബല്യം). എന്നാൽ മെഡിക്കൽ ഓഫീസർക്ക് 1.4.20 മുതൽ 31.3.21 വരെ പ്രതിമാസം 56395 രൂപ നിരക്കിൽ വേതനം അനുവദിച്ചു വഴി 52500 രൂപ അധികം നൽകിയതായി കാണുന്നു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| വേതനം നൽകിയ കാലയളവ് | അനുവദിച്ച വേതനം | അനുവദിക്കാവുന്ന വേതനം | അധികം നൽകിയ തുക |
|---|---|---|---|
| 1-4.21 മുതൽ 31.1.21 വരെ | 56395 X10 =563950 | 51840X10 =518400 | 45550 |

| | | | |
|---|---|---|---|
| 10മാസം | | | |
| 1.2.21 മുതൽ 31.3.21 വരെ (2മാസം) | 56395 X2 =112790 | 52920X2 =105840 | 6950 |
| ആകെ | | | 52500 |

2)മേൽ ജീവനക്കാരുടെ ഹാജർ പരിശോധിച്ചതിൽ 2020 ദിസംമ്പർ മാസത്തിൽ 11.12.20 മുതൽ 31.12.21 വരെ മെഡിക്കൽ ഒഫീസർ ഹാജർ രേഖപ്പെടുത്തി കാണുന്നില്ല. എന്നാൽ ബിൽ നമ്പർ 17/20 (Order No 118/4.1.21) പ്രകാരം ഡിസംബർ മാസത്തെ മുഴുവൻശമ്പളവും ടിയാന്റെ ബാങ്ക് എകൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.1.12.20 മുതൽ 10.12.20 വരെ ഹാജരായ 10 ദിവസത്തേക്ക് പ്രതിദിനം 1920 രൂപ പ്രകാരം 19200 രൂപക്ക് മാത്രം മെഡിക്കൽ ഓഫീസർക്ക് അർഹതയുള്ളപ്പോൾ 56395 രൂപ അനുവദിച്ചതുവഴി 37195 രൂപ അധികം നൽകിയിട്ടുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മെഡിക്കൽ ഓഫീസർക്ക് അധികം നൽകിയ 89695 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

1-18 കറവപശുവിന് കാലിത്തീറ്റ വിതരണം - രേഖകൾ ലഭ്യമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രൊജക്ട് | 113/21 കറവ പശുവിന് കാലിത്തീറ്റ വിതരണം(സ്പിൽ ഓവർ) |
| വകയിരുത്തിയ തുക | 146870(വികസന ഫണ്ട്)+188615 (ഗുണഭോക്തൃ വിഹിതം) = 335485 |
| ചെലവ് തുക | 41745(വികസന ഫണ്ട്)+ 41745(ഗുണഭോക്തൃ വിഹിതം) = 83490 |
| ബിൽ നമ്പർ,ചെക്ക് നമ്പർ/തീയ്യതി | 29/28-4-20<br>2064317/6-11-20 |

പ്രൊജക്ട് പ്രകാരം കേരള ഫീഡ്സിൽ നിന്നും 50 കി.ഗ്രാം വീതമുള്ള 66 ചാക്ക് കാലിത്തീറ്റ വാങ്ങിയതിന് 83490 രൂപ ചെലവഴിച്ചിട്ടുണ്ട്. കാലിത്തീറ്റ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിശദാംശങ്ങളും, ഗുണഭോക്തൃ ലിസ്റ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(17/18-6-22) മറുപടി നൽകിയിട്ടില്ല. 83490 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയെങ്കിലും പ്രവൃത്തി ആരംഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നമ്പർ - 64/21

വകയിരുത്തിയ തുക- 5406692(സി.എഫ്.സി ഗ്രാന്റ് - Tied)

ചെലവ് തുക - 5100000

ബിൽ നമ്പർ /തീയ്യതി - 230/30-3-21

കായക്കൊടി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തിക്കായി 15-1-21 ലെ 2/1-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം പഞ്ചായത്തിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് വടകര വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ വിതരണ ലൈൻ ദീർഘിപ്പിച്ചു കൊണ്ട് ഫംഗ്ഷണൽ ഹൗസ്ഹോൾഡ് കണക്ഷൻ ലഭ്യമാക്കുന്നതിന് 3908740.97 ലക്ഷം രൂപയും റോഡ് റിഫർമേഷൻ ചാർജ്ജിനത്തിൽ 132725 രൂപയും ഇന്റർ കണക്ഷൻ വർക്കിന് 130000 രൂപയും 10% സെന്റേജ് ചാർജ്ജ് 417140.60 രൂപയും ജി.എസ്.ടിയും ഉൾപ്പെടെ 5100000 രൂപയുടെ എസ്റ്റിമേറ്റ് വടകര വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 23-1-2021 ലെ 1-ാം നമ്പർ ഭരണാനുമതി പ്രകാരം വടകര വാട്ടർ അതോറിറ്റിയിൽ 51 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഫയൽ പ്രകാരം ഡെപ്പോസിറ്റ് തുകയുടെ രസീതി വാട്ടർ അതോറിറ്റി നൽകിയതായി കാണുന്നില്ല. 13-6-2021 ലെ ബി1-2758/2020 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിന്റെ 14-6-2021 ലെ 5-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് റോഡ് കട്ടിംഗ്, റിഫർമേഷൻ ചാർജ്ജ് ഇളവു ചെയ്യുന്നതിനും റിഫർമേഷൻ ചാർജ്ജിനത്തിൽ അടവാക്കിയ 132725 രൂപ തിരികെ തനതുഫണ്ടിലേക്ക് അടവാക്കുന്നതിന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തുമായി കരാർ വെക്കുന്നതിനും ഡെപ്പോസിറ്റ് തുകയ്ക്ക് രസീതി നൽകാനും ആവശ്യപ്പെട്ടിട്ടുണ്ട്. 29-6-2021 തീയ്യതിയിൽ 3/2021 നമ്പരായി സെക്രട്ടറിയും വാട്ടർ അതോറിറ്റിയും തമ്മിൽ കരാർ വച്ചിട്ടുണ്ട്. കരാറിലെ 6ാം നമ്പർ നിബന്ധന പ്രകാരം പ്രവൃത്തി 2022 വർഷം മാർച്ച് 31 നകം പൂർത്തീകരിക്കുന്നതാണ്. പണി നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കിയില്ലെങ്കിൽ സ്വീകരിക്കാവുന്ന നിയമ നടപടികൾ കരാർ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫയൽ പ്രകാരം നാളിതുവരെ പണി പൂർത്തിയാക്കി വാട്ടർ അതോറിറ്റി പഞ്ചായത്തിന് ബില്ലുകൾ കൈമാറിയിട്ടില്ല. വടകര വാട്ടർ അതോറിറ്റി എഞ്ചിനീയറോട് 19-11-2021 ലെ ബി3-2758/20 നമ്പർ കത്ത് പ്രകാരം സെക്രട്ടറി പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വൻ തുക ഡെപ്പോസിറ്റ് ചെയ്ത് ഒരു വർഷം കഴിഞ്ഞിട്ടും വാട്ടർ അതോറിറ്റി പണി ആരംഭിക്കാത്തതിനെതിരെ ഫയൽ പ്രകാരം മേൽ സൂചിപ്പിച്ച കത്തിനു ശേഷം തുടർനടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. റോഡ് റിഫർമേഷൻ ചാർജ്ജിനത്തിൽ അടവാക്കിയ 132725 രൂപ തിരികെ പഞ്ചായത്തിലേക്ക് ലഭ്യമാക്കുന്നതിനും തുടർനടപടി സ്വീകരിച്ചു കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(3/17-6-22) മറുപടി നൽകിയിട്ടില്ല. 5100000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. മേൽ തുകയുടെ വിനിയോഗ വിവരവും പ്രവൃത്തിയുടെ ഫൈനൽ ബില്ലിന്റെ കോപ്പിയും വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയും റോഡ് റിഫർമേഷൻ ചാർജ്ജിനത്തിൽ അടവാക്കിയ 132725 രൂപ തിരികെ ഈടാക്കിയും തടസ്സം

ഒഴിവാക്കേണ്ടതാണ്.

1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- ലാപ്ടോപ്പിന് പകരം ഡസ്ക് ടോപ്പ് നൽകിയതും മറ്റ് അപാകതകളും.

പ്രൊജക്ട് നമ്പർ- 33/20

വകയിരുത്തിയ തുക- 155608

ചെലവുതുക- 61572(ബിൽ നമ്പർ 5/28-5.20)

നിർവഹണം- ഹെഡ് മാസ്റ്റർ

പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്ന മേൽ പ്രൊജക്ട് പ്രകാരം 4 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ആയതിൽ രണ്ട് പേർക്ക് ആനുകൂല്യം നൽകുന്നതിനായി 61572 രൂപ കേരളാ സ്റ്റേറ്റ് ഐ.ടി മിഷനിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെപ്പറയുന്നു.

1) സ.ഉ.നമ്പർ 22/18/ത.സ്വ.ഭ.വ തി 14.2.18 ഖണ്ഡിക 7.2.8 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. പ്രൊജക്ട് പ്രകാരവും ലാപ്ടോപ്പ് നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ലാപ്ടോപ്പിന് പകരം ഡസ്ക് ടോപ്പാണ് കെൽട്രോൺ മുഖേന ലഭ്യമാക്കിയിരിക്കുന്നത്. കെൽട്രോണിന് വർക്ക് ഓർഡർ നൽകുമ്പോൾ നിർവഹണഉദ്യോഗസ്ഥനുണ്ടായ വീഴ്ചയാണ് ഇത്തരം അപാകതക്ക് കാരണമായത്. ഡസ്ക് ടോപ്പ് കൈപറ്റാൻ സമ്മതമാണെന്ന ഗുണഭോക്താക്കളുടെ സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ ആയത് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ അനുയോജ്യമായ ലാപ്ടോപ്പ് നൽകാതെ ഡസ്ക് ടോപ്പ് നൽകാൻ സാഹചര്യമുണ്ടായത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

2)ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളായ നിരഞ്ജന എസ്.സുരേഷ്, ചിപ്പി പുത്തൻ പുരയിൽ എന്നീ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കാതെയാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നത്.

3)മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 7.2.8 പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമെ ആനുകൂല്യം നൽകാവൂ. വകുപ്പിൽ നിന്നും ലാപ്ടോപ്പ് നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകേണ്ടത്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും അത്തരമൊരു സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ തായി കാണുന്നില്ല.

4)പ്രൊജക്ട് പ്രകാരം 4 പേർക്ക് ആനുകൂല്യം നൽകാൻ തുക വകയിരുത്തിയെങ്കിലും 2 പേർക്കായി 61572 രൂപ മാത്രമെ ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. മറ്റ് ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പ് ആവശ്യമില്ലാത്തപക്ഷം പ്രൊജക്ട് റിവൈസ് ചെയ്ത് മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റെയും ചെലവ് രേഖകളുടെയും അഭാവത്തിൽ ചെലവുതുക 61572 രൂപ തടസ്സത്തിൽ വെക്കുന്നു.

1-21 5 വർഷ ഗ്യാരന്റിയോടെയുള്ള റോഡ് പ്രവൃത്തി ഏറ്റെടുത്തില്ല

പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018 /ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 7.13(12) അനുസരിച്ച് ഗുണമേന്മയും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടുകൂടി നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് പറയുന്നു. ഇപ്രകാരം 2020-21

കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിൽ ഏതെങ്കിലും റോഡ് 5 വർഷ ഗ്യാരന്റിയോടുകൂടി നിർമ്മിച്ചിട്ടുണ്ടെങ്കിൽ ആ റോഡിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി- 12/2020-21ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പടിപടിയായി പഞ്ചായത്തിന്റെ റോഡുകളുടെ ഗുണമേന്മ വർദ്ധിപ്പിക്കാനുതകുമായിരുന്ന സർക്കാർ നിർദ്ദേശം നടപ്പിലാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-22 ലൈഫ് ഭവനപദ്ധതി പ്രകാരം എഗ്രിമെന്റിലേർപ്പെട്ട ഗുണഭോക്താവിന് നാളിതുവരെ ആനുകൂല്യം അനുവദിച്ചില്ല.

ലൈഫ് ഭവനപദ്ധതി ഫേസ് 2 ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ക്രമനമ്പർ മൂന്നായി ഉൾപ്പെട്ട ഗുണഭോക്താവായ ശ്രീമതി.നാരായണി W/Oകുഞ്ഞിരാമൻ , കിഴക്കെ പറമ്പത്ത്, ആക്കൽ പി.ഒ. വാർഡ് 5 എന്നവർക്ക് ഭവനനിർമ്മാണത്തിന് ആനുകൂല്യം അനുവദിക്കുന്നതിന്റെ ഭാഗമായി 8.6.18 ന് ടിയാളുമായി കരാറിലേർപ്പെട്ടതായി കാണുന്നു. എന്നാൽ മേൽ ഗുണഭോക്താവിന് നാളിതുവരെ ആനുകൂല്യം അനുവദിച്ചുകാണുന്നില്ല. ലൈഫ് ഭവനപദ്ധതിയിലുൾപ്പെട്ട് നിയമാനുസൃതം എഗ്രിമെന്റിലേർപ്പെട്ട ഗുണഭോക്താവിന് ആനുകൂല്യം അനുവദിക്കാതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 1-23 ശുചിത്വം, മാലിന്യ സംസ്കരണ മേഖലയിൽ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല. വൻതുക ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ വാർഷിക കണക്കുപ്രകാരം സമ്പൂർണ ശുചിത്വ പദ്ധതികൾക്കായി സാമ്പത്തിക വർഷത്തിൽ വരവുവന്ന 1286767 രൂപ ഉൾപ്പെടെ മൊത്തം 5137628 രൂപ ശുചിത്വമിഷൻ ഫണ്ടിനത്തിൽ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിച്ചിരിക്കുന്നു. (ബാലൻഷീറ്റ് ഷെഡ്യൂൾഡ് B4 കാണുക). സാമ്പത്തിക വർഷത്തെ ചെലവു രേഖകൾ പരിശോധിച്ചതിൽ ശുചിത്വം, മാലിന്യ സംസ്കരണ മേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പൊതുശൗചാലയ നിർമ്മാണം എന്ന പ്രൊജക്ടിനായി 940000 രൂപ ശുചിത്വ മിഷൻഫണ്ട് വകയിരുത്തി പ്രൊജക്ട തയ്യാറാക്കുകയും ആയതിൽ 590247 രൂപ ചെലവഴിച്ചതുമാണ് മേഖലയിലെ പ്രധാന ചെലവ്. ശുചിത്വം, മാലിന്യ സംസ്കരണംമേഖലയിലുള്ള മറ്റ് പ്രൊജക്ടുകൾ നിർവഹണം നടത്തേണ്ട വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷത്തിൽ പ്രൊജക്ടുകൾക്കൊന്നും തന്നെ തുക വകയിരുത്തി ചെലവഴിച്ച് കാണുന്നില്ല. ആയതിനാൽ തന്നെ ശുചിത്വം മാലിന്യ സംസ്കരണ മേഖലയിലുള്ള പ്രൊജക്ടുകൾക്ക് വകയിരുത്തി ചെലവഴിക്കേണ്ട ശുചിത്വ മിഷൻഫണ്ട് ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിച്ചിരിക്കയാണ്. അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 1-24 ക്ഷീരകർഷകർക്ക് പാൽ സബ്ഡിഡി-പദ്ധതിയിൽ വകയിരുത്തിയ തുക ലഭ്യമാക്കാൻ നടപടി സ്വീകരിച്ചില്ല.

| | |
|---|---|
| പ്രൊജക്ട് | ക്ഷീരകർഷകർക്ക് പാൽ സബ്ഡിഡി--പ്രൊജക്ട് നം. 12/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | വികസന ഫണ്ട്(ജനറൽ)- |

| | |
|---|---|
| | 1,00000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-2,00000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം-1,00000/-<br>ആകെ 4,00000/- |
| ചെലവ് | 1.ബിൽ .നം. 209/27-3-21 – 159944<br>2. ബിൽ .നം. 181/20-3-21 - 73907<br>3. ബിൽ .നം. 67/2-9-20 - 26093<br>4. ബിൽ .നം. 65/26-8-20 - 26093<br>ആകെ-286037 |

പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2,00000/-രൂപ വകയിരുത്തിയതിൽ ആകെ 186037/-രൂപ തൻവർഷം ലഭിച്ചിട്ടുണ്ട്. ആയതും പഞ്ചായത്ത് വിഹിതവും ഉൾപ്പടെ 286037 ചെലവഴിച്ചിട്ടുണ്ട്.ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയ ഒരു ലക്ഷം രൂപ ലഭ്യമായിട്ടില്ല. തന്മൂലം കായക്കൊടി പഞ്ചായത്തിലെ വിവിധ ക്ഷീരസംഘങ്ങളിൽപ്പെട്ട കർഷകർക്ക് പാലിന് സബ്സിഡി നൽകുവാനായി 4,00000/- രൂപ വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയിൽ ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് കർഷകർക്ക് പരമാവധി 4 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിന് പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും കേവലം 133 പേർക്ക് കുറഞ്ഞ നിരക്കിൽ (1.50 രൂപ വച്ച് ) മാത്രമേ ആനുകൂല്യം നൽകാൻ കഴിഞ്ഞുള്ളൂ. അതും 2020 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ അളന്ന പാലിന് മാത്രമേ സബസിഡി നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ. വകയിരുത്തിയ ബ്ലോക്ക് ഫണ്ടും ജില്ലാ പഞ്ചായത്ത് വിഹിതവും പൂർണ്ണമായി ലഭിച്ചിരുന്നുവെങ്കിൽ സബ്സിഡി തുക പരമാവധി നൽകാമായിരുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (18/2020-21/18.06.2022) മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ ക്ഷീരകർഷകർക്ക് അർഹമായ വിഹിതം വകയിരുത്തുന്നതിനും ആയത് ലഭ്യമാക്കുന്നതിനും നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിയും പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-25 കേരകൃഷി വികസനം - പ്രോജക്ട് നിർവ്വഹണം -അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നം. | 68/21 നെൽകൃഷി വികസനം |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| | |
|---|---|
| | |
| വകയിരുത്തിയ തുക | 583746 (വികസന ഫണ്ട്) + 194582 (ഗുണഭോക്തൃവിഹിതം) = 778328 |
| ചെലവുതുക | 478975 (ബിൽ നമ്പർ-105/11-11-20)+104517 (ബിൽ നമ്പർ-166/1-3-21 ) =583492 |

ഒരു തെങ്ങിന് 3 കിലോ ജൈവവളവും 1 കിലോ കുമ്മായവും 75% സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതു വഴി കേര കൃഷി വികസനമാണ് പ്രൊജക്ടുവഴി ഉദ്ദേശിക്കുന്നത്. പ്രോജക്ട് പ്രകാരം ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾ നേരിട്ട് വളം വാങ്ങിക്കുന്ന സ്ഥാപനത്തിൽ അടക്കുകയാണ് ചെയ്യേണ്ടത്. ഇതു സംബന്ധിച്ച രേഖകൾ പ്രൊജക്ടിനോടൊപ്പം സൂക്ഷിക്കേണ്ടതാണെന്നും പ്രോജക്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് പകരം ബാങ്ക് അക്കൗണ്ടിലേക്ക് നൽകി.

ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ/ 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.2.8 പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി പരിശോധിച്ച് ഗുണനിലവാരവും അനുയോജ്യതയും ഉറപ്പാക്കിയ ശേഷം സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതാണ്. എന്നാൽ ഇവിടെ ഓരോ ഗുണഭോക്താവും വാങ്ങിയ വളത്തിന്റെ അളവും തുക്കവും രേഖപ്പെടുത്തിയ ലിസ്റ്റ് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശേഷം സബ്സിഡി ഗുണഭോക്താക്കൾ വളം വാങ്ങിയ കാവിലുംപാറ സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. അപാകതയ്ക്ക് കാരണം വിശദമാക്കേണ്ടതാണ്.

2. ഗുണഭോക്താക്കൾ വളം വാങ്ങിക്കുന്ന സ്ഥാപനത്തിൽ ഗുണഭോക്തൃവിഹിതം അടവാക്കിയത് സംബന്ധിച്ച രേഖകൾ പ്രൊജക്ടിനോടൊപ്പം സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

3. ഗുണഭോക്താക്കൾ വളത്തിനായി നൽകിയ അപേക്ഷകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

അപാകതക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (4/17-6-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകിയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

1-26 പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് - ചെലവു രേഖകൾ ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് - 9/21 പദ്ധതി നിർവ്വഹണം മോണിറ്ററിംഗ്

വകയിരുത്തിയ തുക-125000(വികസന ഫണ്ട്)

ചെലവ് തുക - 11512+24065= 35577

ബിൽ നമ്പർ /തീയ്യതി - 54/3-7-20,106/27-11-20

പ്രൊജക്ട പ്രകാരം ആകെ ചെലവായ 35577 രൂപയിൽ 5800 രൂപ ഗുണഭോക്തൃ ഫോറം പ്രിന്റ് ചെയ്ത വകയിൽ ചിത്രാഞ്ജലി എന്ന സ്ഥാപനത്തിനും 5712 രൂപ ദേശാഭിമാനിയിൽ ടെണ്ടർ പരസ്യം നൽകിയ ഇനത്തിൽ ദേശാഭിമാനി പത്രത്തിനും നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ ഫോറം പ്രിന്റ് ചെയ്തതിന്റെയും ടെണ്ടർ പരസ്യം നൽകിയതിന്റെയും ക്യാഷ് ബിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(5/17-6-22) മറുപടി നൽകിയിട്ടില്ല. 11512 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-27 നെൽ കൃഷി വികസനത്തിന് ജൈവവളം വിതരണം - യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം തുക നൽകി.

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നമ്പർ | 69/21 നെൽകൃഷി വികസനം |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| വകയിരുത്തിയ തുക | 34800 (വികസന ഫണ്ട്) +<br>3600 (ഗുണഭോക്തൃവിഹിതം) = 38400 |
| ചെലവു തുക | 34800 (ബിൽ നമ്പർ- 158/26-2-21) +<br>3600 (വൗച്ചർ നമ്പർ-22000927/30-3-21 ) =38400 |

പ്രോജക്ട് പ്രകാരം 6 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി 600 കിലോ നെൽവിത്ത് കിലോഗ്രാമിന് 40 രൂപ നിരക്കിൽ 24000 രൂപയ്ക്ക് കൃഷി വകുപ്പ് അംഗീകൃത സ്ഥാപനമായ സീഡ് ഫാം പേരാമ്പ്രയിൽ നിന്നും വാങ്ങി 19 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ജൈവവളമായ 120 കി.ഗ്രാം Pseudomonas Powder കി.ഗ്രാമിന് 120 രൂപ നിരക്കിൽ 14400 രൂപയ്ക്ക് റെയിഡ്കോ

പേരാമ്പ്രയിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുമുണ്ട്.(ഇൻവോയ്സ് നമ്പർ PBA/525 /2020-21/25-2-21)

ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ/ 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം ജൈവവളം നല്കുന്നതിന് സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി പൊതുവിഭാഗത്തിന് 75% വും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 100% വും ആണ്. ജനറൽ വിഭാഗം പ്രോജക്ട് ആയാണ് പദ്ധതി നടപ്പിലാക്കിയത്. 15.07.20 (No.41680/2017/DPO/KKD)ന് ചേർന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്ക് യൂണിറ്റ്കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതലസമിതി യോഗത്തിന്റെ നടപടി ക്രമം പ്രകാരം 1 കി.ഗ്രാം Pseudomonas Powderന് 75 രൂപയാണ് വില. ആയത് പ്രകാരം 1 കി.ഗ്രാം വളത്തിന് 75 രൂപയുടെ 75% ആയ 56.25 രൂപ സബ്സിഡിയും 18.75(25%) രൂപ ഗുണഭോക്തൃ വിഹിതവുമാണ് ചെലവഴിക്കേണ്ടത്. എന്നാൽ ഇവിടെ കി.ഗ്രാമിന് 120 രൂപ നിരക്കിൽ കണക്കാക്കി ഒരു കി.ഗ്രാമിന് 90 രൂപ വച്ച് സബ്സിഡി അനുവദിച്ചിട്ടുണ്ട്. 120 കി.ഗ്രാമിന് 56.25 രൂപ പ്രകാരം നൽകേണ്ട 6750 രൂപയ്ക്ക് പകരം 10800 രൂപ സബ്സിഡിയും 3600 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 14400 രൂപ നൽകിയതുവഴി സബ്സിഡി ഇനത്തിൽ 4050 രൂപ (10800-6750) അധികം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 19 കർഷകരുടെ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (2/17-6-22) മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിനുണ്ടായ നഷ്ടം നികത്താൻ 4050 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതാണ് .

## 1-28 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25 % ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ച് നൽകാമെന്ന് പറയുന്നു. സെക്ഷൻ 2112.1അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ ആദ്യ തവണ 1 %വും തുടർന്ന് ഓരോ തവണയും 2 % വും, മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി പാലിക്കാത്തതിനാൽ പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ, ടെണ്ടർ നിരക്ക് | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | ബിൽ നമ്പർ, തുക |
|---|---|---|---|---|---|---|
| 1 | വണ്ണാത്തി പൊയിൽ പൂതറ റോഡ് സൈഡ് കെട്ട്(85/21) | 200,000/- | രഘുദാസൻ, എസ്റ്റിമേറ്റ് നിരക്ക് | 31-3-2020 | 28-5-2020 | 27/ 16-10-2020 186,470/- |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| പി.എ.സി സൈറ്റ് കൈമാറിയ തിയ്യതി, | പൂർത്തീകരിക്കേണ്ട കാലയളവ്, തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ2% (കാലയളവിന്റെ 25%* തവണ) | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 200,000/- 28-9-2019 | 184 ദിവസം, 31-3-2020 | 28-5-2020, 58 ദിവസം | 46ദിവസം (2000*1) 2000 | 12 ദിവസം (4000*0.26) 1040 | 3040/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 11/2020-21ന് മറുപടി നൽകിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 3040/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-29 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി. -ആവശ്യമായ രേഖകൾലഭ്യമാക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തു.

പ്രൊജക്ട് നമ്പർ- 52/21

വകയിരുത്തിയ തുക- 700000

ചെലവുതുക- 700000

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രൊജക്ട് പ്രകാരം 4 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയത് പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 5000 രൂപ വീതം അഡ്വാൻസ് നൽകിയ രണ്ട് പേർക്ക് ബാക്കി തുക നൽകുകയും ബാക്കി രണ്ട് പേർക്ക് മുഴുവൻ ധനസഹായവും അനുവദിക്കുകയുമാണ് സാമ്പത്തിക വർഷം ചെയ്തിരിക്കുന്നത്. സ.ഉ.(പി)നമ്പർ 22/18 തസ്വ.ഭ.വ. തി 22/18 തി 14.2.18 ഖണ്ഡിക 7.2.17 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന

സൗകര്യം ഉറപ്പാക്കാൻ നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ച.അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മാക്കാവുന്നതാണ്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ആദർശ് S.പ്രദീപൻ S/Oപ്രദീപൻ എന്ന ഗുണഭോക്താവ് മാത്രമെ നിലവിൽ താമസിക്കുന്നത് 800 ച.അടിയിൽ കുറവ് വിസ്തീർണമുള്ള വീട്ടിലാണെന്നും 100 ചതുരശ്ര അടിയിൽ കൂടാത്ത പഠനമുറിയാണ് നിർമ്മിക്കുന്നതെന്നുമുള്ള രേഖകൾ ലഭ്യമാക്കിയിരിക്കുന്നത്. അവശേഷിക്കുന്ന 3 ഗുണഭോക്താ ക്കൾക്കും പ്രസ്തുത രേഖകൾ ഹാജരാക്കാതെയാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-30 പെയിൻ& പാലിയേറ്റീവ് പരിചരണ പ്രൊജക്ട് പ്രകാരം മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയ മുഴുവൻ തുകക്കും ഉപകരണങ്ങൾ ലഭ്യമായില്ല.

പ്രൊജക്ട് നമ്പർ- 5/21

വകയിരുത്തിയ തുക- 542740

ചെലവുതുക- 451204

പെയിൻ& പാലിയേറ്റീവ് പരിചരണ പ്രൊജക്ട് പ്രകാരമുള്ള ചെലവു തുകയിൽ ബിൽ നമ്പർ 30/21 തി 29.3.21 പ്രകാരം പിൻവലിച്ച 44597 രൂപയിൽ 41597 രൂപ 11 എയർബെഡ്, 4 വീൽ ചെയർ എന്നിവ വാങ്ങിക്കുന്നതിനായി മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ സ്ഥാപനം ലഭ്യമാക്കിയ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ അടവാക്കിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമായതിന്റെ ക്യാഷ് ബിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 11 എയർ ബെഡുകളും , മൂന്ന് വീൽ ചെയറുകളും സ്ഥാപനത്തിൽ ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന ഒരു വീൽ ചെയർ ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എയർബെഡ്, വീൽ ചെയർ എന്നിവയുടെ കാഷ്ബിൽ, ലഭ്യമാകാനവശേഷിക്കുന്ന വീൽ ചെയർ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 എസ്.എസ്.എ.വിഹിതം-അടവാക്കൽ- പ്രൊജക്ട് പ്രകാരം പരിമിതമായ തുക മാത്രം അടവാക്കുന്നതും അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ലാത്തതും സംബന്ധിച്ച്

പ്രൊജക്ട് നമ്പർ- 29/21

വകയിരുത്തിയ തുക- 350000

ചെലവുതുക- 350000(ബിൽ നമ്പർ-1/20-21തി 15-7.20)

നിർവഹണം - ഹെഡ് മാസ്റ്റർ

മേൽ പ്രൊജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും 350000 രൂപ പിൻവലിച്ച് എസ്.എസ്.എ.വിഹിതം ഇനത്തിൽ ജില്ലാ പ്രൊജക്ട് ഓഫീസർ എസ്.എസ്.കെ കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. സ.ഉ. (പി) നമ്പർ 11/18 തി 29.1.18 ഖണ്ഡിക 7.6.(4) പ്രകാരം ഗ്രാമപഞ്ചായത്തുകളും, ജില്ലാപഞ്ചായത്തുകളും ഗവ. നിശ്ചയിക്കുന്ന തുക എസ്.എസ്.കെ പ്രൊജക്ടുകൾക്ക് വകയിരുത്തേണ്ടതും പ്രൊജക്ടിന്റെ വിശദാംശങ്ങൾ തയ്യാറാക്കുമ്പോൾ തദ്ദേശ സ്വയംഭരണസ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം തുക അടവാക്കുകയോ, എസ്.എസ്.കെ പ്രൊജക്ട് രൂപീകരണത്തിൽ പഞ്ചായത്ത് പങ്ക് വഹിക്കുകയോ ചെയ്തതായി കാണുന്നില്ല . എസ്.എസ്.കെ പ്രോജക്ടിന് അർഹമായ വിഹിതം ലഭിക്കാത്തതിനാൽ പാഠപുസ്തകങ്ങൾ, യൂണിഫോം മുതലായവ കുട്ടികൾക്ക് ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥ സംജാതമാവും. കൂടാതെ പ്രൊജക്ട് പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ അടവാക്കിയ 350000 രൂപയുടെ വിനിയോഗ വിവരം പരിശോധക്ക് ലഭ്യമാക്കിയതായി കാണുന്നില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടും വിനിയോഗവിവരം പരിശോധക്ക് ഹാജരാക്കേണ്ടതുമാണ്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവു തുക 350000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-32 ഭക്ഷണ വിതരണംപോലും കൃത്യമായി നടക്കാതെ അഗതിരഹിത കേരളം പ്രൊജക്ട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയായ അഗതിരഹിത കേരളം പ്രൊജക്ടിന് കായക്കൊടി പഞ്ചായത്ത് ഉൾപ്പെടെ കോഴിക്കോട് ജില്ലയിലെ 10 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഗതിരഹിത കേരളം പദ്ധതിക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നമ്പർ KS/L/513/19dt 8.7-.19 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങിയ പദ്ധതിയിൽ 115 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രൊജക്ടിന്റെ മൊത്തം അടങ്കൽ 25222549 രൂപയും ആയതിന് ചലഞ്ച് ഫണ്ടിനത്തിൽ 3922049 രൂപയും വകയിരുത്തിയിട്ടുണ്ട്. വകയിരുത്തിയ ചലഞ്ച് ഫണ്ടിന്റെ ആദ്യഗഡുവായി അനുവദിച്ച 1307350 രൂപയിൽ മുൻ ആശ്രയ പദ്ധതികൾക്ക് അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 1035009 രൂപ കഴിച്ച് 272341 രൂപ മേൽ ഉത്തരവിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. 31.3.22ൽ 1307350 രൂപ രണ്ടാം ഗഡുവായും അനുവദിച്ചു. ചലഞ്ച് ഫണ്ട് വിനിയോഗിച്ച് അഗതി കുടുംബങ്ങൾക്ക് ഭക്ഷണവിതരണം മാത്രമാണ് ഇതുവരെ നടന്നിട്ടുള്ളത്. അത് തന്നെ ഫണ്ടിന്റെ ലഭ്യത കുറവ് മൂലം 2021 ഒക്ടോബർ മാസം മുതൽ 2020 മാർച്ച് മാസം വരെ ഭക്ഷണ വിതരണവും നടന്നിട്ടില്ല. ചലഞ്ച് ഫണ്ട് വിനിയോഗിക്കാവുന്ന ചികിത്സ, വിദ്യാഭ്യാസം എന്നിവ ആവശ്യമുള്ള കുടുബങ്ങൾ അഗതി രഹിത കേരളം പ്രൊജക്ടിൽ ഉണ്ടെന്നിരിക്കെ ആയതിനൊന്നും തുക ചെലവഴിച്ചു കാണുന്നില്ല.

വിവിധ സേവന പരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളിൽ ഭവനം ഇല്ലാത്ത 41 കുടുംബങ്ങളും, ഭവന പുനരുദ്ധാരണം ആവശ്യമുള്ള 12 കുടുംബങ്ങളും, ഭൂരഹിതരായ 2 കുടുംബവും അഗതി കേരളം പദ്ധതിയിൽ ഉണ്ട്. ഇതിൽ ലൈഫ് ഭവന പദ്ധതിയിൽ പെടുത്തി 2 പേർക്ക് ഭവനവും ഭവന പുനരുദ്ധാരണത്തിന് രണ്ട് പേർക്കും ആനുകൂല്യം അനുവദിച്ചതായി കുടുംബശ്രീയിൽ നിന്നുംഅറിയിച്ചു.

പ്രൊജക്ട് അംഗീകാരം ലഭിച്ച് 3 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യം വെച്ച സേവനപരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 3 വർഷം പൂർത്തിയാവാറായിട്ടും ഭക്ഷണവിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളൂ. സ.ഉ.(എം.എസ്)126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരം ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമ പരിഗണന നൽകണമെന്ന നിർദ്ദേശം പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല. ഭവനം ആവശ്യങ്ങളുള്ള കുടുംബങ്ങളിൽ എത്രപേർ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നതിന്റെ കണക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. അഗതികൾക്ക് കിടപ്പാടം, കക്കൂസ്, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

അഗതിരഹിതകേരളം പ്രൊജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട മറ്റ് അപാകതകൾ താഴെ ക്കൊടുക്കുന്നു.

1)അഗതി രഹിത കേരളം പദ്ധതിയുടെ ഫണ്ടുകളിൽ 10% ജില്ലാപഞ്ചായത്ത്, 15%ബ്ലോക്ക് പഞ്ചായത്ത് എന്നിവ വകയിരുത്തേണ്ടതാണെങ്കിലുംപദ്ധതിക്ക് നാളിതുവരെ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ തുകയൊന്നും വകയിരുത്തി കാണുന്നില്ല.

2)ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും വിലയിരുത്തൽ സമിതി പദ്ധതി നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി കൂടേണ്ടതാണ്. കൂടാതെ പദ്ധതി ആരംഭിച്ച് ഓരോ മാസവും 10ാം തിയ്യതിക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി മിനുട്സിന്റെ പകർപ്പ് ജില്ലാമിഷൻ കോർഡിനേറ്റർക്ക് അയച്ചു നൽകേണ്ടതാണെങ്കിലും വിലയിരുത്തൽ സമിതി വർഷങ്ങളായി കൂടാതെ 28-4.22നാണ് യോഗം ചേർന്നിരിക്കുന്നത്. .

3)അഗതിരഹിതകേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കാൻ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അത്തരത്തിലൊരു

ഉപസമിതി രൂപീകരിച്ച കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം അഗതിരഹിതകേരളം ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവന പരിചരണ പാക്കേജുകൾ നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-33 ലൈഫ് ഭവനപദ്ധതി, വിവിധ ഭവന പുനരുദ്ധാരണ പദ്ധതികൾ എന്നിവ പ്രകാരം അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല.

വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന ലൈഫ് ഭവനപദ്ധതി, ഭവനപുനരുദ്ധാരണ പദ്ധതി എന്നിവ പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി ആരംഭിച്ച് തുടർഗഡുക്കൾ കൈപ്പറ്റിയതായോ, അഡ്വാൻസ് തുക തിരികെ അടവാക്കിയതായോ കാണുന്നില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ഗുണഭോക്താവിന്റെ പേര് | കൈപറ്റിയ തുക | റിമാർക്സ്. |
|---|---|---|---|
| ലൈഫ് ഭവനപദ്ധതി | ഷീബ. W/O രാജേഷ് കണ്ണങ്കാട്(ഹൗസ്). നിട്ടമണ്ണൂർ | 40000 | 2018-19 വർഷ ത്തിൽ ആദ്യഗഡു കൈപ്പറ്റി നിർമ്മാണം ആരംഭിച്ച് തുടർ ഗഡു ക്കൾ കൈപ്പറ്റിയില്ല. |
| | ഗോപാലൻ . തലച്ചിറയിൽ കാരങ്ങാട് . പി.ഒ. വാർഡ് .12 | 40000 | 2018-19 വർഷ ത്തിൽ ആദ്യഗഡു കൈപ്പറ്റി നിർമ്മാണം ആരംഭിച്ച് തുടർ ഗഡു ക്കൾ കൈപ്പറ്റിയില്ല. |
| | ദേവൂ. W/O ശങ്കരൻ താവോട്ട് കുന്നമ്മൽ കായക്കൊടി | 40000 | 2020-21 വർഷത്തിൽ ആദ്യഗഡു കൈപ്പറ്റി നിർമ്മാണം ആരംഭിച്ച് തുടർഗഡുക്കൾ കൈപ്പറ്റിയില്ല. |
| | സ്മിത മുണ്ടേ്യാട്ടുമ്മൽ. W/Oഷാജി. | 40000 | 2020-21 വർഷത്തിൽ ആദ്യഗഡു കൈപ്പറ്റി നിർമ്മാണം ആരംഭിച്ച് |

| | | | |
|---|---|---|---|
| | ആക്കൽ പി.ഒ. | | തുടർഗഡുക്കൾ കൈപ്പറ്റി യില്ല |
| | സൗമ്യ.പികെ W/O അജയൻ നാട്ടിപ്പാറക്കൽ. ആക്കൽ .പി.ഒ | 40000 | 2020-21 വർഷത്തിൽ ആദ്യഗഡു കൈപ്പറ്റി നിർമ്മാണം ആരംഭിച്ച് തുടർഗഡുക്കൾ കൈപ്പറ്റിയില്ല |
| ഭവന പുനരുദ്ധാരണം. | മാധവി അമ്മ. തൈക്കണ്ടിയിൽ കായക്കൊടി. വാർഡ് 13 | 25000 | 2017-18 സാമ്പത്തിക വർഷത്തിൽ അഡ്വാൻ സ് കൈപറ്റി. പുനരു ദ്ധാരണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പ റ്റിയില്ല. |
| | മാണിക്യം . പാലോളി ആക്കൽ .പി.ഒ. | 75000 | 2020-21 സാമ്പത്തിക വർഷത്തിൽ അഡ്വാൻ സ് കൈപ്പറ്റി.പുനരുദ്ധാ രണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയില്ല. |

മേൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് തുടർ ഗഡുക്കൾ കൈപ്പറ്റിയതായി കാണുന്നില്ല. അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ കൈകൊണ്ട നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും അഡ്വാൻസ് തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-34 സ്ട്രീറ്റ് വാട്ടർടാപ്പ് ചാർജ് അടവാക്കിയതിലെ അപാകതകൾ

കായക്കൊടി പഞ്ചായത്തിൽ സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 130819/- രൂപ സാമ്പത്തിക വർഷം അടവാക്കിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ 30.11.17 ലെ 8/8 തീരുമാനപ്രകാരം 23 പൊതുടാപ്പുകളുടെ വിവരങ്ങൾ സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംയുക്ത പരിശോധനക്ക് ശേഷം 5 വർഷത്തോളമായിട്ടും പിന്നീടൊരു പരിശോധന നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല. കൂടാതെ രജിസ്റ്ററിൽ വിവിധ വാർഡുകളിൽ നിലവിലുണ്ടായിരുന്ന ടാപ്പുകളുടെ എണ്ണം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. എവിടെയൊക്കെയാണ് ഇവ സ്ഥിതി ചെയ്യുന്നത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 10063 രൂപയാണ് മാസം തോറും അടവാക്കുന്നത്. സംയുക്തപരിശോധനനടത്തി ടാപ്പുകളുടെ നിജസ്ഥിതി വിലയിരുത്താതെ ചാർജ് അടവാക്കിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും സംയുക്തപരിശോധന നടത്തി നിലവിൽ പ്രവർത്തനക്ഷമമായവയുടെ മാത്രം ചാർജ് അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-35 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കിയതിലെ അപാകതകൾ

കായക്കൊടി പഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 211655/- രൂപ അടവാക്കിയിട്ടുണ്ട്. തെരുവു വിളക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മുഴവൻ വാർഡുകളിലെയും തെരുവു വിളക്കുകളുടെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തും കെ.എസ്.ഇ.ബിയും സംയുക്തമായി പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണം കൃത്യമായി കണക്കാക്കി വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതിനെക്കുറിച്ച് സർക്കാർ കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. തെരുവു വിളക്കുകളുടെ ഇനം, എവിടെയൊക്കെയാണ് അവ സ്ഥാപിച്ചിരിക്കുന്നത് ഇലക്ട്രിക് പോസ്റ്റ് നമ്പർ തുടങ്ങിയവ ഉൾപ്പെടെ രേഖപ്പെടുത്തി സമഗ്രമായ രജിസ്റ്റർ സൂക്ഷിച്ച്, ആയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജിന്റെ ഡിമാന്റ് പരിശോധിച്ച് ഉറപ്പുവരുത്തിയായിരുന്ന തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജജ് അടവാക്കേണ്ടിയിരുന്നത്. എന്നാൽ ഇവിടെ ഇത്തരമൊരു രജിസ്റ്ററിന്റെ അടിസ്ഥാനത്തിലല്ല തുക അടവാക്കിയിരിക്കുന്നത്. കൂടാതെ പഞ്ചായത്തും കെ.എസ്.ഇ.ബിയും നിലവിലുള്ള തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവയുടെ കൃത്യത സംയുക്ത പരിശോധന നടത്തി ഉറപ്പു വരുത്തിയതായും കാണുന്നില്ല. സംയുക്ത പരിശോധന നടത്തി വൈദ്യുതി ചാർജ്ജ് ഡിമാന്റിന്റെ ആധികാരികത ഉറപ്പുവരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ എണ്ണം, തെരുവു വിളക്കുകളുടെ ഇനം, എവിടെയൊക്കെയാണ് അവ സ്ഥാപിച്ചിരിക്കുന്നത് ഇലക്ട്രിക് പോസ്റ്റ് നമ്പർ തുടങ്ങിയവ ഉൾപ്പെടെ രേഖപ്പെടുത്തി സമഗ്രമായ രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതും, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കുന്നതിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

1-36 ടെണ്ടർ തുറന്ന് സമയപരിധിക്കകം പഞ്ചായത്ത് തീരുമെടുക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ : 79/21

പ്രൊജക്ട് : പിലാവുള്ളതിൽ കനാൽ റോഡ്

ബിൽ നമ്പർ ,തുക : 24/18-9-2020 , 623,347/-

മേൽ പൊതുമരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ച്, ടെണ്ടർ തുറന്ന് കഴിഞ്ഞ് സമയപരിധിക്കകം കരാറുകാരനെ പഞ്ചായത്ത് ഭരണസമിതി തിരഞ്ഞെടുത്തില്ല. ഇതു കാരണം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കാൻ വൈകുകയും ഏകവർഷ പ്രൊജക്ട് ആയ ഈ പ്രവർത്തി തൻവർഷം പൂർത്തീകരിക്കാൻ സാധിക്കാതെ തുടർ വർഷം സ്പിൽഓവർ പ്രൊജക്ട് ആയി ഉൾപ്പെടുത്തേണ്ടിയും വന്നു.പൊതുമരാമത്ത് ചട്ടം 10.11 അനുസരിച്ച് ടെണ്ടർ തുറന്ന് 10 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരൻ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചു കഴിഞ്ഞാൽ 7 ദിവസമോ ഫേം പിരീഡോ ഏതാണ് ആദ്യം വരുന്നത് ആ പരിധിക്കുള്ളിൽ കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയക്കേണ്ടതാണ്. ഇവിടെ ചട്ടം അനുശാസിക്കുന്ന ടെണ്ടർ തുറന്ന് 10 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ് എന്ന സമയപരിധി പാലിക്കപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ.

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|

| ടെണ്ടർ തിയ്യതി | ഭരണ സമിതി അംഗീകരിച്ച തിയ്യതി | സെലക്ഷൻ നോട്ടീസ് തിയ്യതി | എഗ്രിമെന്റ് വെച്ച തിയ്യതി |
|---|---|---|---|
| 12-10-2018 | 6-12-201 | 2-12-2018 | 15-12-201 |

മേൽ കാണിച്ചതിൻ പ്രകാരം ടെണ്ടർ തുറന്ന് 10 ദിവസത്തിനകം തീരുമാനമെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി- 16/2020-21 ക്ക് മറുപടി നൽകിയിട്ടില്ല.)

1-37 സ്പെസിഫിക്കേഷനിൽ കുറവു വരുത്തി പ്രവർത്തി : തുക മുഴുവനായും അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്റ്റ് നമ്പർ : 83/21

പ്രൊജക്റ്റ് : ഞേണേൽ താഴ വി സി ബി

എസ്റ്റിമേറ്റ് : 150,000/-

ബിൽ നമ്പർ ,തുക : 33/22-2-2021 , 74,807/-

മേൽ പൊതു മരാമത്ത് പ്രവൃത്തിയിൽ മൂന്നു പാളികളികളായി വി.സി.ബി സ്ഥാപിക്കാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയത്. ഇതിൽ ഇനം മൂന്നായി 10 സെ.മീ കനത്തിൽ വെങ്ങ മരത്തിന്റെ മൂന്നു പാളികൾ 1.412 ക്യൂബിക് മീറ്ററിൽ വി സി ബി നിർമ്മാണമാണ് ചെയ്യേണ്ടിയിരുന്നത്. 150,000/- രൂപ എസ്റ്റിമേറ്റ് കണക്കാക്കിയ ഈ പ്രൊജക്റ്റ് പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയത് 74,807/-രൂപയാണ്. ഈ പദ്ധതിയുടെ പ്രധാന ഇനമായ ഷട്ടർ സ്ഥാപിച്ചത് 10 സെ.മീ.നു പകരം 5 സെ.മീ കനത്തിലാണ്. എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് സ്പെസിഫിക്കേഷനിൽ കുറവു വരുത്താൻ കരാറുകാരന് അധികാരം നൽകുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് അംഗീകാരം വാങ്ങുകയും ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ അംഗീകാരവും സാങ്കേതിക ഉറപ്പും ഇല്ലാതെ സ്പെസിഫിക്കേഷനിൽ കുറവു വരുത്തി ചെയ്ത പ്രവൃത്തിക്ക് ഫൈനൽ ബിൽതുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. (ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി- 15/2020-21ക്ക് മറുപടി നൽകിയിട്ടില്ല.)

1-38 കാലാവധി കഴിഞ്ഞും പണി തുടങ്ങിയില്ല :തുടർ നടപടി സ്വീകരിച്ചില്ല

ഓഡിറ്റ് എൻക്വയറി- 14/2020-21

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

പ്രൊജക്റ്റ് നമ്പർ : 84/21

പ്രൊജക്റ്റ് : അരയാൽ മുക്ക് പൂളക്കണ്ടി റോഡ്

എസ്റ്റിമേറ്റ് : 300,000/-

ബിൽ നമ്പർ ,തുക : 29/16-1-2021 , 299,908/-

എം.ബുക്ക് : 303/19-20

മേൽ പൊതു മരാമത്ത് പ്രവൃത്തിക്കായി 28-9-20219ൽ സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. 31-3-2020 ആണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. കരാറുകാരനായ രഘുദാസന് 28-9-20219 ൽ സൈറ്റ് കൈമാറിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതിയായ 31-3-2020 വരെ പ്രവൃത്തിയൊന്നും ആരംഭിച്ചിട്ടില്ല. 184 ദിവസം പൂർത്തീകരണ കാലാവധിയുണ്ടായിരുന്ന ഈ പദ്ധതി 367 ദിവസങ്ങൾ കഴിഞ്ഞ് 1-10-2020ൽ മാത്രമാണ് പണി തുടങ്ങിയത്. സൈറ്റ് ഏറ്റെടുത്ത് ദീർഘകാലം കഴിഞ്ഞിട്ടും പ്രവർത്തി ആരംഭിക്കാതിരുന്നിട്ടും പഞ്ചായത്ത് കരാറുകാരനെതിരെ നടപടിയൊന്നും

സ്വീകരിച്ചിട്ടില്ല. ജി.ഒ(പി)13/ 2012/പി.ഡബ്യു.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1.എ പ്രകാരം സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കാതിരുന്നാൽ കരാർ ടെർമിനേറ്റ് ചെയ്യേണ്ടതാണ്. കരാർ ടെർമിനേറ്റ് ചെയ്ത കരാറുകാരന്റെ ലൈസൻസ് ക്യാൻസൽ ചെയ്യുകയും അയാളെ അഞ്ചു വർഷത്തേക്ക് ടെണ്ടർ നടപടികളിൽ നിന്നും വിലക്കേണ്ടതുമാണ്. പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2116.2.1 അനുസരിച്ച് പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവർത്തിയുടെ 30% കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.ഇത് ഇ എം ഡിയിൽ നിന്നും ഈടാക്കാവുന്നതാണ്. ഈ പ്രവൃത്തിക്കായി 15,000/-രൂപ കരാറുകാരൻ ഇ.എം.ഡിയായി അടവാക്കിയിട്ടുണ്ട്. ഈ തുക പഞ്ചായത്തിലേക്ക് മുതൽക്കൂട്ടി കരാറുകാരന്റെ 30 % നഷ്ടോത്തരവാദത്തിൽ പ്രവൃത്തി പൂർത്തീകരിക്കാമായിരുന്ന ടെണ്ടറിൽ 2 % കൂടുതൽ ക്വോട്ട് ചെയ്ത സുരേഷ്.പിയാണ് രണ്ടാംസ്ഥാനക്കാരനായത്. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി- 14/2020-21ക്ക് മറുപടി നൽകിയിട്ടില്ല).

## 1-39 പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. കായക്കൊടി ഗ്രാമപഞ്ചായത്ത് 2020-21 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് രണ്ടു തവണയാണ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. 30-01-2021, 16-02-2021 എന്നീ തിയ്യതികളിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ചേരുകയുണ്ടായത്. ആ മീറ്റിംഗുകളിലൊന്നും തന്നെ 2020-21 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാ മൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ , അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമ പഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി- 13/2020-21ക്ക് മറുപടി നൽകിയിട്ടില്ല.)

## 1-40 വിവിധ ക്ഷേമപെൻഷനുകൾ തീർപ്പാക്കുന്നതിൽ കാലതാമസം

കായക്കൊടി ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ മുതലായ അപേക്ഷകളിൽ തീരുമാനം കൈകൊള്ളാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.കർഷക തൊഴിലാളി പെൻഷൻ

| ക്രമ നമ്പർ | അപേക്ഷാ നമ്പർ, ലഭിച്ച തീയ്യതി | അപേക്ഷകന്റെ പേര് | അന്വേഷണത്തിന് നൽകിയ തീയ്യതി | തിരികെ ലഭിച്ച തീയ്യതി | പാസ്സാക്കിയ തീരുമാനം നമ്പർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 1360/20/ 25-5-20 | രാധ . നാവത്താംകുനിൽ. കാരങ്ങോട് | 16-6-20 | 11-8-20 | സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നമ്പർ 1/20 തീ.24-8-20 |
| 2 | 1374/20 തീ.27-5-20 | പത്മിനി.ടി.കെ തെയ്യത്താം കണ്ടിയിൽ മൊകേരി | 16-6-20 | 11-8-20 | സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നമ്പർ 1/20 തീ.24-8-20 |
| 3 | 1362/20 തീ.25-5-20 | ജാനു.പി.വി. വലിയപറമ്പത്ത് ആക്കൽ | 16-6-20 | 11-8-20 | സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നമ്പർ 1/20 തീ.24-8-20 |

2. വാർദ്ധ്യക്യകാലപെൻഷൻ

| ക്രമ നമ്പർ | അപേക്ഷാ നമ്പർ, ലഭിച്ച തീയ്യതി | അപേക്ഷകന്റെ പേര് | അന്വേഷണത്തിന് നൽകിയ തീയ്യതി | തിരികെ ലഭിച്ച തീയ്യതി | പാസ്സാക്കിയ തീരുമാനം നമ്പർ |
|---|---|---|---|---|---|
| 1 | 1326/20/ 19-5-20 | അശോകൻ . പാലയാട്ടുമ്മൽ മൊകേരി | 10.6.20 | 14.8.20 | സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നമ്പർ 1/20/ 24.8.20 |
| 2 | 1361/20/ 25-5-20 | കുഞ്ഞായിശ കിഴക്കേവീട്ടിൽ കായക്കൊടി | 10.6.20 | 14.8.20 | സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നമ്പർ |

| | | | | | |
|---|---|---|---|---|---|
| | | | | | 1/20/ 24.8.20 |
| 3 | 1359/20 /25-5-20 | ബാബുകുനിയിൽ കാരങ്ങോട് | 10.6.20 | 14.8.20 | സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നമ്പർ 1/20/ 24.8.20 |

3.വിധവാ പെൻഷൻ

| ക്രമ ന മ്പർ | അപേക്ഷാ നമ്പർ, ലഭിച്ച തീയ്യതി | അപേക്ഷകന്റെ പേര് | അന്വേഷണ ത്തിന് നൽകിയ തീയ്യതി | തിരികെ ലഭിച്ച തീയ്യതി | പാസ്സാ ക്കിയ തീരുമാനം നമ്പർ |
|---|---|---|---|---|---|
| 1 | 432/21 /21-1-21 | സുമതി.വെണ്ണങ്ങോട്ട് ചാലിൽ നിടുമണ്ണൂർ | 10-2-21 | 24-2-21 | സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നമ്പർ 1/21 തീ.11-5-21 |
| 2 | 484/21/ 23-1-21 | ഫാത്തിമ പാട്ടപ്പറമ്പത്ത് കായക്കൊടി | 10-2-21 | 24-2-21 | സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നമ്പർ 1/21തീ.26-7-21 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിന്മേൽ അന്വേഷണം പൂർത്തീകരിക്കാൻ സമയമെടുക്കുന്നതായും അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിടുന്നതായും കാണുന്നു. കർഷകതൊഴിലാളി പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകളിൽ 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനം കൈകൊള്ളാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നെൽ കൃഷി വികസനത്തിന് ജൈവവളം വിതരണം - യൂണിറ്റ് കോസ്റ്റിനേക്കാൾ അധികം തുക നൽകി.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്,നം. | 69/21 നെൽകൃഷി വികസനം |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| വകയിരുത്തിയ തുക | 34800 (വികസന ഫണ്ട്) +<br>3600 (ഗുണഭോക്തൃവിഹിതം) = 38400 |
| ചെലവുതുക | 34800 (ബിൽ നമ്പർ- 158/26-2-21) +<br>3600 (വൗച്ചർ നമ്പർ-<br>22000927/30-3-21 ) =38400 |

പ്രോജക്റ്റ് പ്രകാരം 6 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി 600 കിലോ നെൽവിത്ത്

കിലോഗ്രാമിന് 40 രൂപ നിരക്കിൽ 24000 രൂപയ്ക്ക് കൃഷിവകുപ്പ് അംഗീകൃത സ്ഥാപനമായ സീഡ് ഫാം പേരാമ്പ്രയിൽ നിന്നും വാങ്ങി 19 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ജൈവവളമായ 120 കി.ഗ്രാം Pseudomonas Powder കി.ഗ്രാമിന് 120 രൂപ നിരക്കിൽ 14400 രൂപയ്ക്ക് റെയിഡ്കോ പേരാമ്പ്രയിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുമുണ്ട്.(ഇൻവോയ്സ് നമ്പർ PBA/525 /2020-21/25-2-21)

ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ/ 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം ജൈവവളം നല്കുന്നതിന് സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി പൊതുവിഭാഗത്തിന് 75% വും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 100% വും ആണ്. ജനറൽ വിഭാഗം പ്രോജക്ട് ആയാണ് പദ്ധതി നടപ്പിലാക്കിയത്. 15.07.20 (No.41680/2017/DPO/KKD)ന് ചേർന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്ക് യൂണിറ്റ്കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതല സമിതി യോഗത്തിന്റെ നടപടി ക്രമം പ്രകാരം 1 കി.ഗ്രാം Pseudomonas Powderന് 75 രൂപയാണ് വില. ആയത് പ്രകാരം 1 കി.ഗ്രാം വളത്തിന് 75 രൂപയുടെ 75% ആയ 56.25 രൂപ സബ്സിഡിയും 18.75(25%) രൂപ ഗുണഭോക്തൃ വിഹിതവുമാണ് ചെലവഴിക്കേണ്ടത്. എന്നാൽ ഇവിടെ കി.ഗ്രാമിന് 120 രൂപ നിരക്കിൽ കണക്കാക്കി ഒരു കി.ഗ്രാമിന് 90 രൂപ വെച്ച് സബ്സിഡി അനുവദിച്ചിട്ടുണ്ട്. 120 കി.ഗ്രാമിന് 56.25 രൂപ പ്രകാരം നൽകേണ്ട 6750 രൂപയ്ക്ക് പകരം 10800 രൂപ സബ്സിഡിയും 3600 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 14400 രൂപ നൽകിയതുവഴി സബ്സിഡി ഇനത്തിൽ 4050 രൂപ (10800-6750) അധികം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 19 കർഷകരുടെ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(2/17-6-22) മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിനുണ്ടായ നഷ്ടം നികത്താൻ 4050 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതാണ് .

### 3-2 ആർദ്രം-ഡോക്ടർ, നേഴ്സ്, ഹോണറേറിയം- താത്കാലിക ഡോക്ടർക്ക് വേതനം നൽകിയതിൽ അപാകത.

പ്രൊജക്ട് നമ്പർ- 7/20-21

വകയിരുത്തിയ തുക- 892740

ചെലവുതുക- 892740 (ബിൽ നമ്പർ 3/20-21 തി 2.6.20, 13/20-21 തി 28.10.20,
9/20-21തി 4.9.20, 27/20-21തി 26.3.21, 24/20-21തി1.3.20)

നിർവഹണം- മെഡിക്കൽ ഓഫീസർ

ആർദ്രം പദ്ധതിയുടെ ഭാഗമായി കായക്കൊടി പി.എച്ച്.സിയിൽ നിയമിതരാവുന്ന ഡോക്ടർ, നേഴ്സ് എന്നിവർക്ക് സർക്കാർ ഉത്തരവുകൾക്ക് വിധേയമായി വേതനം നൽകുന്നതിനാണ് പ്രൊജക്ട്. പ്രൊജക്ട് പ്രകാരം വികസനഫണ്ട്, തനത്ഫണ്ട് ഇനങ്ങളിലായി ആകെ 892740 രൂപ വകയിരുത്തുകയും, അത്രയും തുക തന്നെ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഡോക്ടർക്ക് പ്രതിമാസം 56395 രൂപയും നേഴ്സിന് 18000 രൂപയുമാണ് നൽകിയിരിക്കുന്നത്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ വേതനം നൽകിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1)സ.ഉ.നമ്പർ 81/2019 തി 9/7/19 പ്രകാരം ദിവസവേതന കരാർ ജീവനക്കാരുടെ വേതനം പുനർനിർണയിച്ച് നൽകിയിട്ടുണ്ട്. ആയത് പ്രകാരം മെഡിക്കൽ ഓഫീസറുടെ പ്രതിദിന വേതനം 1920 രൂപയും പ്രതിമാസം പരമാവധി അനുവദിക്കാവുന്ന വേതനം 51840 രൂപയുമാണ്. സ.ഉ.പി നമ്പർ 29/21 തി 11.2.21 പ്രകാരം പ്രതിദിന 1960 രൂപയും പ്രതിമാസ നിരക്ക് 52920 രൂപയായും ഉയർത്തിയിട്ടുണ്ട്(ആയതിന് 1.2.21 തിയ്യതി മുതൽ പ്രാബല്യം). എന്നാൽ മെഡിക്കൽ ഓഫീസർക്ക് 1.4.20 മുതൽ 31.3.21 വരെ പ്രതിമാസം 56395 രൂപ നിരക്കിൽ വേതനം അനുവദിച്ചതുവഴി 52500 രൂപ അധികം നൽകിയതായി കാണുന്നു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| വേതനം നൽകിയ കാലയളവ് | അനുവദിച്ച വേതനം | അനുവദിക്കാവുന്ന വേതനം | അധികം നൽകിയ തുക |
|---|---|---|---|
| 1-4.21 മുതൽ 31.1.21 വരെ 10മാസം | 56395 X10 =563950 | 51840X10 =518400 | 45550 |
| 1.2.21 മുതൽ 31.3.21 വരെ (2മാസം) | 56395 X2 =112790 | 52920X2 =105840 | 6950 |
| ആകെ | | | 52500 |

2)മേൽ ജീവനക്കാരുടെ ഹാജർ പരിശോധിച്ചതിൽ 2020 ഡിസംബർ മാസത്തിൽ 11.12.20 മുതൽ 31.12.21 വരെ മെഡിക്കൽ ഒഫീസർ ഹാജർ രേഖപ്പെടുത്തി കാണുന്നില്ല. എന്നാൽ ബിൽ നമ്പർ 17/20 (Order No 118/4.1.21) പ്രകാരം ഡിസംബർ മാസത്തെ മുഴുവൻ ശമ്പളവും ടിയാന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 1.12.20 മുതൽ 10.12.20 വരെ ഹാജരായ 10 ദിവസത്തേക്ക് പ്രതിദിനം 1920 രൂപ പ്രകാരം 19200 രൂപക്ക് മാത്രം മെഡിക്കൽ ഓഫീസർക്ക് അർഹതയുള്ളപ്പോൾ 56395 രൂപ അനുവദിച്ചതു വഴി 37195 രൂപ അധികം നൽകിയിട്ടുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മെഡിക്കൽ ഓഫീസർക്ക് അധികം നൽകിയ 89695 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-3 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ച് നൽകാമെന്ന് പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്ന് ഓരോ തവണയും 2% വും, മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി പാലിക്കാത്തതിനാൽ പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ, ടെണ്ടർ നിരക്ക് | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | ബിൽ നമ്പർ,തുക |
|---|---|---|---|---|---|---|
| 1 | വണ്ണാത്തിപ്പൊയിൽ പൂതറ റോഡ് സൈഡ് കെട്ട്(85/21) | 200,000/- | രഘുദാസൻ, എസ്റ്റിമേറ്റ് നിരക്ക് | 31-3-2020 | 28-5-2020 | 27/ 16-10-2020 186,470/- |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| പി.എ. സി സൈറ്റ് കൈമാറിയ തിയ്യതി, | പൂർത്തീകരിക്കേണ്ട കാലയളവ്, തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ2% (കാലയളവിന്റെ 25%* തവണ) | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 200,000/-<br>28-9-2019 | 184 ദിവസം,<br>31-3-2020 | 28-5-2020,<br>58 ദിവസം | 46ദിവസം<br>(2000*1)<br>2000 | 12 ദിവസം<br>(4000*0.26)<br>1040 | 3040/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 11/2020-21ന് മറുപടി നൽകിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 3040/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 14.06.2022-18.06.2022 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 14301 | 13/2020-21 ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ്(വനിത) | 14301 | 0 |
| | 2020-21 | 186037 | 12/2020-21 ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 186037 | 0 |
| | 2020-21 | 162570 | 47/2020-21 ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 162570 | 0 |
| സെക്രട്ടറി ജില്ലാ പഞ്ചായത്ത് | 2020-21 | 41812 | 5/2020-21 പാലിയേറ്റീവ് പരിചരണം | 41812 | 0 |
| | 2020-21 | 250000 | 32/2020-21 ഭിന്നശേഷി സ്കോളർഷിപ്പ് യാത്രാബത്ത | 250000 | 0 |
| | 2020-21 | 120000 | 19/2020-21 ക്ഷീര ഗ്രാമം | 120000 | 0 |
| | 2020-21 | 276000 | 71/2020-21 സുഫലം വിഷ രഹിത ഫലം | 276000 | 0 |
| | 2020-21 | 161700 | 32/2020-21 ഭിന്നശേഷി സ്കോളർഷിപ്പ് യാത്രാബത്ത | 161700 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | ണ്ടായിരുന്ന തുക | തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (കെ.യു. ആർ.ഡി. എഫ്.സി ലോൺ) | ജി.ഒ (എം.എസ്) 68/2018 തസ്വഭവ തി-18.05.2018 | | 22516232 | 0 | 1712196 | | 21204036/- |

(കുറിപ്പ്-വാർഷിക ധനകാര്യ പത്രിക പ്രകാരം 22516232 രൂപയാണ് ലോണിനത്തിൽ തിരിച്ചടക്കാൻ അവശേഷിച്ചിരുന്നത്. സെക്രട്ടറിയുടെ പ്രോജക്ട് പ്രകാരം 20-21 ൽ 1712196 രൂപ ലൈഫ് മിഷന്റെ ഭാഗമായി തിരിച്ചടച്ചതായി കാണുന്നു. 1712196 രൂപ തിരിച്ചടച്ചതിനു ശേഷം 20804036 രൂപ ബാലൻസായി കാണിക്കേണ്ടതിനു പകരം 20-21 ലെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം 21204036 രൂപയാണ് ബാലൻസായി കാണിച്ചിരിക്കുന്നത്.)

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 792588 |
| തൻവർഷം നിക്ഷേപിച്ച തുക | 42723 |
| ആകെ | 835311 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 835311 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|

| | | |
|---|---|---|
| 1 | എഫ്.ഡി കായക്കൊടി സർവ്വീസ് സഹകരണ ബാങ്ക് | 810311 |
| 2 | നാദാപുരം സഹകരണ ഹോസ്പിറ്റൽ ഷെയർ | 25000 |
| | ആകെ | 835311 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴ ത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 50 | 2003-04 | 11(4) | ജല വകുപ്പിന്റെ സ്ഥലത്ത് അനുമതിയില്ലാതെ കെട്ടിടം പണിതു | കെട്ടിടം വിട്ടു കിട്ടുന്നതിന് അടിയന്തര നടപടികൾ പഞ്ചായത്ത് വകുപ്പ് സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ ശുപാർശ |
| 1999-00 | 33 | 2003-04 | 11.13.1.6 | പൊതു പരാമർശങ്ങൾ – തൊഴിൽ യൂണിറ്റുകൾ പരാജയം- പദ്ധതി പണം ദുർവിനിയോഗം ചെയ്തു. ബേക്കറി യൂണിറ്റ് പ്രവർത്തനം നടത്തിയില്ല | പ്രവർത്തനം തൃപ്തികരമാണോ എന്ന് അറിയിക്കണം |
| 1999-00 | 35 | 2003-04 | 11.13.5.2 | മൈത്രി ഭവന പദ്ധതി – ഉത്തരവാദിത്വം നിറവേറ്റിയില്ല വീട് പൂർത്തിയാക്കിയത് സംബന്ധിച്ച് വിവരമില്ല | |

| | | | | | |
|---|---|---|---|---|---|
| 2000-01 | 1 | 2004-05 | 11.1.2.5 | മറ്റ് പരാമർശങ്ങൾ – ബജറ്റ് പാസ്സാക്കുന്നില്ല. ഗ്രാമ പഞ്ചായത്തുകൾ നിയമം ലംഘിക്കുന്നു<br>ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല. ബജറ്റിന്റെ കോപ്പി, മിനുട്സ് എന്നിവ ഹാജരാക്കിയില്ല | |
| 1999-00 | | 2004-05 | 11.1.3.4 | നികുതി പിരിവിൽ അലംഭാവം- കുടിശ്ശിക പെരുകുന്നു. | |
| 1999-00 | | 2004-05 | | കെട്ടിട നികുതി | 396881 |
| | | 2004-05 | | തൊഴിൽ നികുതി | 119416 |
| 2000-01 | | 2004-05 | | കെട്ടിട നികുതി | 469054 |
| | | 2004-05 | | തൊഴിൽ നികുതി | 62976 |
| 1998-99 | 29 | 2004-05 | 5 | സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ - വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്തത് -<br>മണ്ണ് സംരക്ഷണ പദ്ധതി | |
| 1999-00 | 34 | 2004-05 | 11.1.5.5 | ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം | |
| 1999-00 | 33 | 2004-05 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചു പൂട്ടി | |
| 2003-04 | 3(4) | 2006-07 | 3.79.5.13 | വാട്ടർ ചാർജ്ജ് ഇനത്തിൽ വസ്തു കൈമാറ്റത്തീരുവ യിനത്തിൽ നിന്നും തുക തട്ടിക്കിഴിച്ച് വാട്ടർ അതോറിറ്റിക്കു നൽകിയതിൽ അപാകത | |
| 2003-04 | 3(3) | 2006-07 | 3.79.19.9 | മരാമത്ത് പ്രവൃത്തികൾ - നിരക്ക് അധികം നൽകുന്നത് അളവ് | |

| | | | | | |
|---|---|---|---|---|---|
| | | | | തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം<br>7770- അധികം നിരക്ക് നൽകി. | |
| 2003-04 | 3(5) | 2006-07 | 3.79.19.9 | നാവോട്ടുകുന്ന് ഹരിജൻ കോളനി റോഡ് സെഷനിംഗ് പ്രവൃത്തി 998 രൂപ മണ്ണ് നിറച്ച് സ്ഥലത്ത് സെഷനിംഗ് നടത്തിയതിന് തുക നൽകി. | |
| 2015-16 | 3-14<br>3-14 | 2016-17 | 6 എ.1.1<br>6എ.1.5 | ആശ്രയ പദ്ധതി വീടിന് സ്ഥലം<br>വീട് ആവശ്യ മുള്ളവർ | |

## 4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 23430665 |
| ഓഡിറ്റ് വർഷത്തെ വരവ് | 61993699 |
| ആകെ | 85424364 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 66620974 |
| നീക്കിയിരിപ്പ് | 18803390 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | 96785 |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6083738 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 89695 | ശ്രീമതി. ഡോ.സജിത സി.പി<br>മെഡിക്കൽ ഓഫീസർ, പി.എച്ച്. സി |
| 3-2 | | 4050 | ശ്രീമതി ശില്പ വർക്കി<br>കൃഷി ഓഫീസർ |
| 3-3 | | 3040 | ശ്രീമതി. ജൂമി കെ എം<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 40364 | ശ്രീമതി. ക്ലാര വി.ജെ<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-16 | 436800 | ശ്രീ. ഡോ.ലിപിൻ എൽ.എസ്<br>വെറ്ററിനറി സർജൻ |
| 1-18 | 83490 | ശ്രീ. ഡോ.ലിപിൻ എൽ.എസ്<br>വെറ്ററിനറി സർജൻ |

| | | |
|---|---|---|
| 1-19 | 5100000 | ശ്രീ. മനോജ് കെ<br>സെക്രട്ടറി |
| 1-20 | 61572 | ശ്രീ. കരുണൻ ടി.എം<br>ഹെഡ് മാസ്റ്റർ |
| 1-26 | 11512 | ശ്രീ. മനോജ് കെ<br>സെക്രട്ടറി |
| 1-31 | 350000 | ശ്രീ. കരുണൻ ടി.എം<br>ഹെഡ് മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മനോജ് കെ<br>സെക്രട്ടറി | ഗ്രാമപഞ്ചായത്ത് | സത്മശ്രീ ഹൗസ്<br>ഗുരുവായൂരപ്പൻ പി.ഒ<br>673014 |
| ശ്രീമതി ശില്പ വർക്കി<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കായക്കൊടി ഗ്രാമപഞ്ചായത്ത് | കണ്ണച്ചേൽ,<br>പെരുമ്പായക്കോട്<br>686016 |
| ശ്രീമതി. ക്ലാര വി.ജെ<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ,<br>കായക്കൊടി ഗ്രാമപഞ്ചായത്ത് | വെട്ടിയാങ്കൽ,<br>ചക്കിട്ടപാറ പി.ഒ<br>673526 |
| ശ്രീ. ഡോ.ലിപിൻ എൽ.എസ്<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>കായക്കൊടി ഗ്രാമപഞ്ചായത്ത് | ഡി.എൽ ഹൗസ്,<br>കയ്യാലിക്കോണം,<br>പൗഡിക്കോണം<br>695588 |

| | | |
|---|---|---|
| | | |
| ശ്രീമതി. ഡോ.സജിത സി.പി മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കായക്കൊടി ഗ്രാമപഞ്ചായത്ത് | എം.പി ഹൗസ് കൽപ്പത്തൂർ 673524 |
| ശ്രീ. കരുണൻ ടി.എം ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് കരണ്ടോട് 673508 | മുതുകുന്നമ്മൽ നൊച്ചാട് പി.ഒ 673524 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1979-80 | എൽ.എഫ്.പി4/505/ 96/തി.20.03.96 | 3 | |
| 1983-84 | എൽ.എഫ്.പി4/506/ 96/ തി.20.03.96 | 4 | |
| 1984-85 | എൽ.എഫ്.പി4/529/ 96/ തി.20.03.96 | 1 | |
| 1990-91& 1991-92 | കെ.എസ്എ/കെകെഡിപി6/ 1764/2017/10.05.18 | 1 | 22 |
| 1998-99 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 5 | 50, 53, 55, 56, 57 |
| 1999-00 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 6 | 9, 19, 30, 31, 36, 37 |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 11 | 2-1, 2-2, 2-3(1), 2-3(2), 2-4,3-1, 3-2, |

| | | | |
|---|---|---|---|
| | | | 3-4,3-5, 3-7, 3-8 |
| 2001-02 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 4 | 7,12,15,16 |
| 2002-03 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 4 | 3-10, 3-11, 3-12, 3-13 |
| 2003-04 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 2 | 3-1,3-6 |
| 2004-05 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 1 | 3-6 |
| 2005-06 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 6 | 2-1, 3-1, 3-2, 3-5, 3-6, 3-7 |
| 2006-07 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 16 | 3-4, 3-10, 3-11, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-23, 3-24, 3-25, 3-26, 3-27, 3-28 |
| 2007-08 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 5 | 3-1,3-2,3-3 (എ), 3-11എബി,3-18 |
| 2008-09 | എൽ.എഫ്.കെകെഡി.പി6/1160/ 12/തി.28.07.12 | 16 | 2-1, 2-2, 2-3, 3-2, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-14,3-15, 3-20, 4-2,4-6(ഡി) |
| 2009-10 | എൽ.എഫ്.കെ.കെ.ഡിപി6/1161/ 12/തി.1.11.12 | 16 | 2-1, 2-2, 2-3, 2-4, 3-2, 3-3, 3-4, 3-6, 3-5, 3-7, 3-10, 3-11, 3-12,3-13,4-2,4-4 |
| 2010-11& 2011-12 | എൽ.എഫ്.കെ.കെ.ഡി.പി6/737/ 13/തി.16.07.13 | 16 | 2-1(ബി), 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7,3-8, 3-9, 3-10, 3-11, 3-12, 3-13, 4-5ബി, 4-6 |
| 2012-13 | എൽ.എഫ് കെ.കെ.ഡി/പി6/ 1466/14/തി.7.2.15 | 14 | 2-1, 2-2, 2-3, 2-4(1), 2-4(2)3-1, 3-2, 3-3, 3-4, 3-5, 3-6, 4-1, 4-2, 4-10 |
| 2013-14& 2014-15 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1132/17/തി.16.02.18 | 20 | 2-3, 3-1, 3-5, 3-6, 3-7, 3-8, 3-9,3-11, 3-12,3-13,3-14,3-15, 3-17,3-18,3-19,3-20, 3-21,3-22,3-24,3-27 |
| 2015-16 | കെ.എസ്.എ/ കെ.കെ.ഡി/ പി6/748/17/തി.4.5.17 | 16 | 2-1, 2-2, 2-3, 2-4, 2-5,3-1, 3-2,3-3, 3-5, 3-6, 3-7, |

| | | | |
|---|---|---|---|
| | | | 3-9,3-10,3-12,3-13,<br>3-14 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/<br>പി6/558/2018/തി04.05.18 | 23 | 2-1(1),2-1(2),2-2(1),<br>2-2(3),2-3,2-4(1),<br>(2)(3),3-1,3-3,<br>3-4,3-5,3-6,3-7,3-9,<br>3-15,3-16,3-17,3-18,<br>3-19,3-21,3-23,3-24 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/<br>പി6/2670/2019/തി 26.07.19 | 15 | 2-1, 2-2, 2-3, 2-4,<br>2-5, 2-6,3-1,<br>3-2, 3-3, 3-4,3-5,<br>3-6, 3-7,3-8, 3-9 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/<br>പി2/899/2020/തി 24.09.2020 | 14 | 1-5, 1-7, 1-8, 1-9(3),<br>1-9(4), 1-10, 1-11, 1-13,<br>1-14, 1-15,1-16,1-17,<br>1-18,1-19 |
| 2019-20 | കെ.എസ്.എ/കെ.കെ.ഡി/<br>പി2/1299/2021/തി 17/01/22 | 24 | 1-1, 1-2-1, 1-2-5,<br>1-2-6, 1-2-7,<br>1-4(1,2,3,4), 1-10(2),<br>1-11-1, 1-11-2, 1-11-3,<br>1-12, 1-15, 1-18, 1-19,<br>1-21, 1-26, 1-27, 1-28,<br>1-29, 1-30, 1-31, 1-32,<br>1-33, 1-34 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്